# നുഹ്റോ ദ് മലങ്കര

ഇവാനിയൻ പദയാത്ര
അനുഭവ കുറിപ്പുകൾ



## NUHRO D'MALANKARA


ܢܘܗܪܐ ܕܡܠܢܟܪܐ

## 2016

എംസിവൈഎം പത്തനംതിട്ട ഭദ്രാസന സമിതി പ്രസിദ്ധീകരണം


## പത്തനംതിട്ട ഭദ്രാസന സമിതി

**മുഖ്യ രക്ഷാധികാരി**



അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത

**സഹ രക്ഷാധികാരികൾ**



മോൺ. ജോസ് ചാമക്കാലയിൽ കോർഎപ്പിസ്ക്കോപ്പ



മോൺ. ജോസഫ് കുരുമ്പിലേത്ത്

**ഡയറക്ടർ**



ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ

**ആനിമേറ്റർ**



സി.ഐറിൻ കണ്ണന്താനം ഡിഎം



**പ്രസിഡന്റ്**
ജോബിൻ ഈനോസ്



**ജനറൽ സെക്രട്ടറി**
ജിജോ കുഞ്ഞുമോൻ



**ട്രഷറാർ**
സിബിലി മറിയം തമ്പി



**വൈ. പ്രസിഡന്റ്**
റിറ്റി എം. രാജൻ



**വൈ. പ്രസിഡന്റ്**
ബെബിൻ ജോയി




**സെക്രട്ടറി**
ജിനി തോമസ്



**സെക്രട്ടറി**
അജോയി പി. തോമസ്



**സെക്രട്ടറി**
മീഖ എസ്. മലഞ്ചരുവിൽ



**സഭാതല സിൻഡിക്കേറ്റ്**
അജോ സി. ജോൺ



**സഭാതല സിൻഡിക്കേറ്റ്**
നീനു അലക്സ്



**KCYM സിൻഡിക്കേറ്റ്**
ജിഫിൻ സാം



**KCYM സിൻഡിക്കേറ്റ്**
ആഷ്ലി മെറിൻ രാജ്



**KCYM സെനറ്റ്**
പ്രിന്റു അലക്സ് നെരിയാട്ടിൽ



**KCYM സെനറ്റ്**
റീന റെജി



**സഭാതലസമിതി പ്രസിഡന്റ്**
റെന്നി രാജ്



**Ex. Off സിൻഡിക്കേറ്റ്**
ഷിജോ വി. വർഗീസ്

# മലങ്കര കാതലിക് യൂത്ത് മൂവ്മെന്റ്

**പത്തനംതിട്ട ഭദ്രാസനം**




*തീർത്ഥാടന പദയാത്രയെന്ന*
*മഹാപ്രയാണത്തിന് തുടക്കം കുറിക്കുവാൻ*
*നേതൃത്വം നൽകിയ സഭാപിതാക്കന്മാർ, വൈദികർ, സന്ന്യസ്ഥർ*
*സുമനസുകളായ യുവജനനേതാക്കന്മാർ എന്നിവരുടെ*
*ത്യാഗോജ്ജ്വലമായ സേവനസ്മരണകൾക്കു മുമ്പിൽ*
*ഈ സാക്ഷ്യശേഖരം സമർപ്പിക്കുന്നു.*

*- എംസിവൈഎം ഭദ്രാസനസമിതി*

# മുഖക്കുറിമാനം

ജൂലൈ മാസം പിറക്കുമ്പോൾ മലങ്കര സുറിയാനി കത്തോലിക്കരുടെ മനസ്സിൽ ഒരു പുണ്യചിന്തയ്ക്ക് കൂടി പിറവിയുണ്ട്! 'മലങ്കരയുടെ വെളിച്ചം' ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടന പുണ്യയാത്ര.

ദൈവസേവനത്തേക്കാൾ അത്യുത്തമമായി ദൈവ സമ്പാദനത്തെ ദർശിച്ച സന്യാസ ശ്രേഷ്ഠന്റെ 63-ാം പെരുന്നാളിന്റെ പുണ്യദിനത്തിലേക്ക് നാമിതാ പദമൂന്നിയിരിക്കുന്നു. പെരുന്നാട്, പുണ്യപിതാവിന്റെ താപസ ജീവിതത്തിന്റെ ഈറ്റില്ലവും പട്ടം കത്തീഡ്രൽ അദ്ദേഹത്തിന്റെ അന്ത്യവിശ്രമഗേഹവുമാണല്ലോ. വള്ളിക്കുരിശും കാഷായ വേഷവും ഈ വഴിത്താരയ്ക്ക് സുപരിചിതമാണ്. വിരലിലെണ്ണാവുന്ന പൂർവ്വസൂരികൾ കത്തുന്ന സൂര്യനു കീഴെ പ്രാർത്ഥനാചരണങ്ങളുമായി നടന്നു നീങ്ങിയത് കടുക് മണിയുടെ വിതകാലം പോലെ ആയിരുന്നു.

സഭയുടെ തലവനും പിതാവുമായ മോറോൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ തിരുമേനിയോടും മെത്രാൻമാരോടും വൈദീകരോടും സന്യാസി സന്യാസിനികളോടും ചേർന്നു വിശ്വാസസാഗരമായി ഇന്ന് പദയാത്ര വളരുന്നതിനു പിന്നിലെ ചാലകശക്തി പുണ്യപിതാവിന്റെ തീക്ഷ്ണതക്കു ദൈവം നൽകിയ കയ്യൊപ്പ് എന്നു കാലം തെളിയിക്കുന്നു.

"സ്വർഗ്ഗത്തിൽ എത്തിയ ശേഷവും ഞാൻ പുനരൈക്യത്തിനായി പ്രാർത്ഥിച്ചുകൊണ്ടേയിരിക്കും" എക്കാലവും പുണ്യപിതാവ് ഇത് നമ്മെ ഓർമ്മപ്പെടുത്തുന്നു.

പുഴ ഒഴുകി കടലിൽ ചെന്നാൽ പിന്നെ പുഴക്കൊരു പേരില്ല. പദയാത്രയിൽ ചേരുവോളം പലർ. വ്രതശുദ്ധിയോടെ പദയാത്രയിൽ ചേർന്നു കഴിഞ്ഞാൽ ഒരേ ഒരു കൂട്ടായ്മ. ഇരമ്പുന്ന സാഗരസംഗീതമായി മാർ ഈവാനിയോസ് എന്ന സൂര്യതേജസ്സ്. ദേഹവും ദേഹിയും ആത്മാവും ദൈവത്തിൽ സമർപ്പിച്ചുകൊണ്ട് ത്യാഗപൂർണ്ണ യാത്രയിൽ, അണി ചേർന്നവർ അണി ചേരാനായി വീണ്ടുമെത്തുന്നു. അനേകരെ കൂട്ടികൊണ്ടുവരുന്നു. അത്ഭുതങ്ങളും അടയാളങ്ങളും ചേർന്ന് ഒഴുകുന്ന പദയാത്രയുടെ ദൈവീക സൗരഭ്യം ദൈവജനം തിരിച്ചറിയുന്നു. വീണ്ടും നമ്മൾ ഒന്നിക്കുന്നു. പദയാത്രയിൽ നിന്നു ലഭിച്ച വെളിച്ചം അനേകരുടെ അനുഭവക്കുറിപ്പുകളായി സംഗമിക്കുന്ന ഒരു ചെറുപുസ്തകം, പത്തനംതിട്ട ഭദ്രാസനത്തിലെ യുവജനസഭ സാദരം സമർപ്പിക്കുന്നു. തലമുറ തലമുറ കൈമാറി കെടാതെ സൂക്ഷിക്കുവാനുള്ള അനുഭവങ്ങൾ ഇവാനിയൻ വെളിച്ചത്തിൽ എഴുതാം. വായിക്കാം. വീണ്ടും പകർന്നു നൽകാം.

സ്നേഹപൂർവ്വം

**എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി**



# ആശംസ

ജൂൺ 15, 2016,
പത്തനംതിട്ട

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്ക് കഴിഞ്ഞ അനേകം വർഷങ്ങളായി എം.സി.വൈ.എം. നേതൃത്വം നൽകുന്ന പദയാത്രയിൽ നാമേവരും പങ്കെടുക്കുന്നുണ്ടല്ലോ. ഈ പദയാത്രയിൽ ദൈവദാസന്റെ മദ്ധ്യസ്ഥതയിൽ പങ്കെടുത്ത് പ്രാർത്ഥിക്കുന്ന അനേകം ആളുകൾക്ക് സർവ്വശക്തനായ ദൈവം നിരവധി അനുഗ്രഹങ്ങൾ നൽകുന്നു എന്നതിന് നാം സാക്ഷികളും ആണല്ലോ. എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിലെ യുവജനങ്ങൾ ഈ പദയാത്രയിൽ പങ്കെടുക്കുന്നവരുടെ അനുഭവകുറിപ്പുകൾ ലിഖിതരൂപത്തിൽ തയ്യാറാക്കുന്നു എന്നറിയുന്നതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. മാർ ഈവാനിയോസ് പിതാവിന്റെ മദ്ധ്യസ്ഥതയിൽ ലഭിച്ച അനുഗ്രഹങ്ങൾ വായിക്കുമ്പോൾ അനേകരുടെ ജീവിതത്തിൽ ദൈവദാസന്റെ വിശുദ്ധ ജീവിതം കൂടുതൽ വ്യക്തമാകും. ഈ ഉദ്യമത്തിന് എല്ലാ നന്മകളും നേരുന്നു. ഇതിന് നേതൃത്വം നൽകുന്നവരെയും ഇതിൽ സാക്ഷ്യം നൽകുന്നവരെയും ദൈവദാസന്റെ മദ്ധ്യസ്ഥതയിൽ സർവശക്തനായ ദൈവം അനുഗ്രഹിക്കട്ടെയന്ന് പ്രാർത്ഥിക്കുന്നു.

ക്രിസ്തേശുവിൽ സ്നേഹപൂർവ്വം,

**+യൂഹാനോൻ മാർ ക്രിസോസ്റ്റം**
പത്തനംതിട്ട മെത്രാപ്പോലീത്താ

**ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്



**ആമുഖം**

തീർത്ഥാടനം, പദയാത്ര ഇവയൊക്കെ നമ്മുടെ പൗരസ്ത്യ ആദ്ധ്യാത്മികതയുടെ, അതിലുപരി ഭാരതീയമായ ഒരു സമീപനമാണ്. പുണ്യ സങ്കേതങ്ങളിലേക്ക് പ്രാർത്ഥനയോടുകൂടി കാൽനടയായി എത്തിച്ചേരുക എന്നത് ഒരു നേർച്ചയും, ജീവിത സുകൃതവുമൊക്കെയായി കരുതുന്ന ഒരു ഭാരതീയ പശ്ചാത്തലമുണ്ട്. പൗരസ്ത്യ ക്രിസ്തീയ സമീപനത്തിലും തീർത്ഥാടനത്തിനും പദയാത്രയ്ക്കും, പ്രത്യേകിച്ച് പുണ്യപിതാക്കന്മാർ കബറടങ്ങിയിട്ടുള്ള സങ്കേതങ്ങളിലേക്കുള്ള തീർത്ഥയാത്രയ്ക്ക് വളരെ പ്രത്യേകമായ മാനമുണ്ട്. മലങ്കര സഭയിൽ ഈ ആത്മീയ വളർച്ചയ്ക്കുള്ള സമീപനത്തിന് വളരെ പ്രത്യേകമായ ഒരു വൈകാരിക അടുപ്പമാണുള്ളത്. കഴിഞ്ഞ 38 വർഷങ്ങളായി റാന്നി പെരുന്നാട്ടിൽ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി ആരംഭിച്ച പുനരൈക്യ ശുശ്രൂഷയുടെ പ്രഭവകേന്ദ്രത്തിൽ നിന്ന് വന്ദ്യപിതാവ് കബറടങ്ങിയിരിക്കുന്ന പട്ടത്തെ കബറിടം വരെ ഈ പദയാത്ര എത്തിച്ചേരുന്നു. ഇതിൽ മൂന്നു പ്രാവശ്യം ഞാൻ പൂർണ്ണമായി സംബന്ധിച്ചിട്ടുണ്ട്. സഭയുടെ തലവനും പിതാവുമെന്ന നിലയിൽ 2007-ൽ ആണ് ഞാൻ ആദ്യമായി ഇതിൽ സംബന്ധിച്ചത്. അന്നുമുതലുള്ള പുണ്യസ്മരണകൾ, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മദ്ധ്യസ്ഥതയിൽ ലഭിച്ച അനുഗ്രഹങ്ങൾ ഏതാനും വാക്കുകളിൽ ഒതുക്കുക എന്നത് പ്രയാസമേറിയ ഒരു

# തീർത്ഥാടക സ്മരണകൾ

കർമ്മമാണ്. റാന്നി–പെരുന്നാട് മുതൽ തിരുവനന്തപുരം വരെ പദയാത്രികരോടൊപ്പം നടന്ന് ഈ ശുശ്രൂഷയിൽ സംബന്ധിക്കുവാൻ സാധിക്കുന്നത് തന്നെ ദൈവപരിപാലനയുടെ ഉത്തമ നിദർശനമായി ഞാൻ കാണുന്നു. കബറിടത്തിൽ എത്തി പ്രാർത്ഥനനടത്തുമ്പോൾ അവാച്യമായ സന്തോഷവും വലിയ സംതൃപ്തിയും അനുഭവവേദ്യമാകുന്നു. നമ്മുടെ ജീവിതത്തിൽ ത്യാഗത്തോടുകൂടിയ ഒരു ജീവിത സമീപനം, അത് സഭയുടെ മേലദ്ധ്യക്ഷനും ചെയ്യാൻ സാധിക്കും എന്ന് മാത്രമല്ല, അത് ചെയ്യാൻ ബാധ്യസ്ഥനാണ് എന്ന തിരിച്ചറിവു കൂടിയാണ് എന്നെ ഇതിനു പ്രേരിപ്പിച്ചത്.

**പ്രാർത്ഥനയുടെ പുണ്യം വിരിയുന്ന ദിനങ്ങൾ**

തീർത്ഥാടനപദയാത്ര ആത്മസന്തോഷത്തിന്റെ വാതായനങ്ങൾ തുറന്നു തരാറുണ്ട്. എനിക്ക് വളരെ സന്തോഷം പകർന്ന അനുഭവം നമ്മുടെ അനേകം യുവതീയുവാക്കൾ പ്രാർത്ഥനാ ചൈതന്യത്തോടും വിശ്വാസസ്ഥിരതയോടും കൂടെ ഈ ശുശ്രൂഷയിൽ സംബന്ധിക്കുന്നു എന്നതാണ്. സഭയുടെ നിയോഗങ്ങൾക്ക് വേണ്ടിയും സഭാശുശ്രൂഷകർക്ക് വേണ്ടിയും പ്രാർത്ഥിച്ചു നീങ്ങുന്ന അവർ പ്രതീക്ഷയുടെ തിരിനാളങ്ങൾ കൊളുത്തുകയാണ്. ഈ പദയാത്രയിലുടനീളം സഞ്ചരിക്കുന്ന നമ്മുടെ കുഞ്ഞുമക്കൾ സഭയുടെ ആദ്ധ്യാത്മിക ചൈതന്യം വിളിച്ചറിയിക്കുന്നു. ഇടയ്ക്ക് അവരൊക്കെ വന്ന് പിതാവേ, കാലിനു വേദനയുണ്ടോ, വെള്ളം വേണോ എന്നൊക്കെ ചോദിക്കുന്നത് വലിയ നിർവൃതിയുടെ നിമിഷങ്ങളാണ്. അതുപോലെ, നമ്മുടെ ആളുകളുടെ കൂട്ടായ്മയും ത്യാഗവും സ്നേഹവും അവർ നമ്മുടെ കൂടെയുണ്ട് എന്ന ബോധ്യവും കൂടുതൽ പ്രചോദനം നൽകുന്നതാണ്.

നമ്മൾ എപ്പോൾ ഒരുമിച്ചു കൂടിയാലും വലിയ സംസാരവും, ആരവവും, റാലിയും അല്ലെങ്കിൽ പത്തുപേരെ അറിയിക്കാനുള്ള വ്യഗ്രതയുമൊക്കെ സ്വാഭാവികമായുള്ള പ്രവണതകളാണ്. എന്നാൽ, തീർത്ഥാടനപദയാത്ര ഒരു ആത്മീയ ശുശ്രൂഷയായി കണ്ട്, ആ ബോധ്യത്തോടുകൂടി ഇതിൽ സംബന്ധിക്കാൻ കഴിയുന്നു എന്നുള്ളത് നമ്മുടെ ആത്മീയ ബോധ്യത്തിന്റെ വളർച്ച കാണിക്കുന്നു. നമ്മുടെ സഭയുടെ സാക്ഷ്യമാണ് ഇതിലൂടെ നാം നൽകുന്നത്. പെരുന്നാട് മുതൽ തിരുവനന്തപുരംവരെ നടക്കുക എന്ന ത്യാഗം ഏറ്റെടുക്കുന്ന നമ്മൾ ക്രിസ്തീയ ജീവിതത്തിന്റെ മുഖമുദ്ര ത്യാഗവും സഹനവുമാണെന്ന സത്യം ലോകത്തെ പഠിപ്പിക്കുകയാണ്.

**പ്രേഷിതചൈതന്യ സാക്ഷ്യം.**

ഈ പദയാത്ര നമ്മുടെ പ്രേഷിത ചൈതന്യം വിളിച്ചോതുന്നു എന്നതാണ് മറ്റൊരു വസ്തുത. പദയാത്രയിൽ സംബന്ധിക്കുമ്പോൾ എനിക്കു തോന്നിയിട്ടുള്ളതും ഇതാണ്. അത്യാധുനിക സൗകര്യങ്ങളുടെ മധ്യേപോലും ത്യാഗത്തിന്റെയും വേദനയുടെയും ക്ഷീണത്തിന്റെയും കാൽനടയാത്ര ഒരു നേർച്ചയായി, നിയോഗമായി നാം നടത്തുമ്പോൾ അത് നമ്മുടെ പ്രേഷിത തീഷ്ണതയുടെ മകുടോദാഹരണമായി മാറുന്നു. ഇതിനു വലിയ ഒരു ദർശനപിൻബലവുമുണ്ട്. അതോടൊപ്പം നാം ധരിക്കുന്ന കാഷായ വേഷം ഋഷിവര്യന്മാരുടെ വേഷമാണ്. അതായത്, ലോകത്തിന്റെ മോഹങ്ങളിൽ നിന്നൊക്കെ മാറിനിൽക്കുന്ന, അതേസമയം ദൃഢനിശ്ചയത്തോടെ, ദൈവീക കാര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഒരു സംസ്കാരത്തെ കാവി പ്രതിനിധാനം ചെയ്യുന്നു. ഇതു ലാളിത്യത്തിന്റെ അടയാളവുമാണ്.

നമ്മുടെ സഭാജീവിതത്തിൽ ഇപ്രകാരമുള്ള ആത്മീയ സമീപനങ്ങൾ ഉണ്ടാവണം. അത് ബലപ്പെടുത്തണം. ഉപവാസം, പ്രാർത്ഥന, നോമ്പനുഷ്ഠാനം, തീർത്ഥാടന പദയാത്രകൾ, ഇതൊക്കെ നമ്മുടെ ജീവിതത്തിന് വളരെ ആവശ്യമാണ്. കാരണം ഉപഭോഗ സംസ്കാരത്തിന്റെ വലിയ മാസ്മരിക ശക്തിയിൽ മനുഷ്യൻ എത്തപ്പെട്ടിരിക്കുന്നു. എല്ലാം വേഗത്തിൽ ചെയ്തു തീർക്കാൻ, സമ്പാദിക്കാൻ മനുഷ്യൻ വ്യഗ്രതപ്പെടുകയാണ്. ഇവിടെ സഹനം അപ്രസക്തമാകുന്നു. പദയാത്രയിൽ പങ്കെടുക്കുന്ന നാം സഹനത്തിന്റെ

സുവിശേഷം ജീവിക്കുകയാണ് ചെയ്യുന്നത്. സഹനത്തിന്റെ ആത്മീയ ഈറ്റുനോവ് ഇല്ലാതെ നാം ചെയ്യുന്നതൊന്നും സ്ഥായിയായി നിലനിൽക്കുകയില്ല. ഈയൊരു ആത്മീയ ബോധ്യവും എന്റെ പദയാത്രാനുഭവത്തിൽ നിന്ന് ലഭിച്ചിട്ടുള്ളതാണ്. സഹനത്തിന് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള ബോധപൂർവ്വമായ ഒരു ക്രിസ്തീയ സമീപനം ഓരോ പദയാത്രയിലും നമുക്ക് ദർശിക്കുവാൻ സാധിക്കും.


**ഉപസംഹാരം**

നിങ്ങളോടു ദൈവവചനം പ്രസംഗിച്ച നിങ്ങളുടെ പിതാക്കന്മാരെ ഓർക്കുവിൻ, അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്ത് അവരുടെ വിശ്വാസം അനുകരിക്കുവിൻ എന്ന വി. പൗലോസ് അപ്പസ്തോലന്റെ ആഹ്വാനം അക്ഷരശ്ശ: നാം അനുവർത്തിക്കുകയണ് ഓരോ പദയാത്രയിലും. നമ്മുടെ പുണ്യപിതാവിന്റെ ജീവിതം എത്രയോ ത്യാഗനിർഭരമായിരുന്നു. ആ മഹാസൂരിയുടെ ജീവിത ദർശനങ്ങൾ കാലാതീതമായി നിലനിൽക്കുന്നത് ആ പുണ്യപുരുഷന്റെ ആഴമായ ദൈവദർശനത്തിന്റെ ഫലമാണ്. ഓരോ വർഷവും പദയാത്രയിൽ പങ്കെടുക്കുമ്പോൾ ഈ ദൈവാഭിമുഖ്യത്തിന്റെ ഇരട്ടിപ്പങ്കിനുവേണ്ടി ദാഹിച്ച് നാം പ്രാർത്ഥിക്കണം. പുണ്യപിതാവിന്റെ മധ്യസ്ഥതയിൽ അഭയപ്പെട്ട് ഈ ആത്മീയ ശുശ്രൂഷയിൽ ഇനിയും നമുക്ക് പങ്കുചേരാം. ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ!




2015 ജൂലൈ 10 ന്
മോറാൻ മോർ കർദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവയുടെ നേതൃത്വത്തിൽ റാന്നി പെരുനാട് കുരിശുമല ദൈവാലയത്തിൽ നിന്നും ആരംഭിച്ച തീർത്ഥാടന പദയാത്ര






പീറ്റർ സി. എബ്രഹാം

# സങ്കടത്തോടെ വിതച്ചവൻ സന്തോഷത്തോടെ കൊയ്തവൻ

പ്രതാപികൾ നീണ്ടുവാണ പണിക്കർ തറവാട്ടിൽ ഉദയംകൊണ്ട പി.റ്റി. ഗീവറുഗീസ് എന്ന നടുനായകന്റെ ചരിത്രം മലങ്കരയുടെ വീരേതിഹാസചരിതമാണ്. 1882 സെപ്റ്റംബർ 21–ന് ആയിരുന്നു ആ തിരുവവതാരം. കൂർമ്മബുദ്ധിയായ ആ ജ്ഞാനഭിക്ഷു കോട്ടയം സി. എം.എസ്. കോളേജിൽ നിന്നും ഇൻർമീഡിയറ്റ് പരീക്ഷയിൽ ഉജ്ജ്വല വിജയം നേടിയശേഷം മദ്രാസ് ക്രിസ്ത്യൻ കോളേജിൽ എം.എ. പഠനത്തിനു ചേർന്നു. കേരള സുറിയാനി വൈദികരിൽ എം.എ. ബിരുദം നേടിയ ആദ്യവ്യക്തി എന്ന നിലയിൽ അദ്ദേഹത്തിന്റെ ഖ്യാതി ദേശാന്തരങ്ങളിലേക്കും പടരുകയായിരുന്നു. ഓർത്തഡോക്സ് സഭയുടെ പരമാചാര്യനായിരുന്ന വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ ആത്മസ്നേഹിതനും വലംകൈയ്യുമായിരുന്നു എം.എ. അച്ചൻ. പിളർക്കപ്പെട്ട സഭാഹൃദയത്തിലെ ശണ്ഠകളുടെ മുറിപ്പാടുകളിൽ സമാധാനത്തിന്റെ മറുമരുന്ന് ഇറ്റിച്ചുകൊണ്ടുള്ള ഒറ്റയാൾ മുന്നേറ്റമായിരുന്നു എം.എ. അച്ചന്റേത്. എം.ഡി. സെമിനാരി ഹൈസ്കൂളിന്റെ പ്രിൻസിപ്പലായി, ശെമ്മാശനായിരിക്കേ തന്നെ നിയമിക്കപ്പെട്ട ആ പണ്ഡിതാഗ്രൻ കോട്ടയം പട്ടണത്തിന്റെ വീരകേസരിയായിരുന്നു. ഹാറ്റും വോക്കിംഗ് സ്റ്റിക്കും ഭൂഷണമാക്കിയുള്ള അദ്ദേഹത്തിന്റെ സായാഹ്നസവാരികൾ ആ നഗരത്തെ പുളകമണിയിച്ചിരുന്നു. കുതിരവണ്ടിയിൽ അംഗരക്ഷകരുടെ അകമ്പടിയോടെയുള്ള അദ്ദേഹത്തിന്റെ യാത്രകൾ കാഴ്ചക്കാരിൽ വീരാരാധനയുടെ കൂപ്പുകരങ്ങൾ ഉയർത്തിയിരുന്നു. പ്രഭാഷണ വശ്യതയിൽ ജനസഹസ്രങ്ങളെ മണിക്കൂറുകളോളം പിടിച്ചിരുത്താൻ പ്രാപ്തമായ അദ്ദേഹത്തിന്റെ വാഗ്മിത്തം അന്യാദൃശ്യമായിരുന്നു. കൂദാശകളെ ആസ്പദിച്ച് നിരന്തരം പ്രസംഗിച്ച് മലങ്കരമക്കളിൽ ആകമാനം വിശ്വാസപരമായ അടിത്തറ ദൃഢപ്പെടുത്തിയ അദ്ദേഹം കൂദാശാശെമ്മാശൻ എന്നീപേരിലും കീർത്തിമാനായി.

കലഹകലുഷതയുടെ വാളാൽ വെട്ടിമുറിക്കപ്പെട്ട യാക്കോബായ സഭ, അന്ത്യോഖ്യയുടേയും കോട്ടയത്തിന്റേയും അധിപതികളുടെ നേതൃത്വത്തിൽ ചേരിതിരിഞ്ഞ് വ്യവഹാരയുദ്ധത്തിന് വഴിമരുന്നിട്ടു. വധോദ്യമത്തോളം നീണ്ടുപോയി ഈ ചേരിപ്പോരുകൾ. ഈ ദാരുണ ദുരന്തങ്ങൾക്കെല്ലാം സാക്ഷിയാകേണ്ടി വന്ന എം.എ. അച്ചൻ മലങ്കരയിൽ സമാധാനം സംസ്ഥാപിക്കാനുള്ള ശക്തമായ സഭാസംവിധാനത്തെപ്പറ്റി ഗാഢമായി ചിന്തിച്ചു. ഹൂദായ കാനോനിൽ അഗാധപണ്ഡിതനായ എം.എ. അച്ചൻ നിയമാനുസൃത നടപടികളിലൂടെ




സഭയിൽ കാതോലിക്കാ സിംഹാസനം സ്ഥാപിച്ച് അധികാരാവകാശങ്ങൾ സംരക്ഷിക്കുവാൻ മുൻകൈയെടുത്തു. അങ്ങനെയാണ് അന്ത്യോഖ്യയിൽ നിന്നും പടുവയസ്സനും അധികാരഭൂഷനുമായിക്കഴിഞ്ഞ യഥാർത്ഥ പാത്രിയർക്കീസായ അബ്ദദ് മിശിഹായെ ഇവിടേക്കു ക്ഷണിച്ചു വരുത്തിയതും കാതോലിക്കാ സിംഹാസനസ്ഥാപനം ഇവിടെ യാഥാർത്ഥ്യമാക്കിയതും. എം.എ. അച്ചൻ ഇല്ലായിരുന്നുവെങ്കിൽ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിക്കപ്പെടുമായിരുന്നില്ല എന്ന് വട്ടശ്ശേരിൽ തിരുമേനി തന്നെ കോടതിയിൽ തുറന്നു പറഞ്ഞിട്ടുണ്ട്. ഇക്കാര്യം ഓർത്തഡോക്സ് സഭയുടെ പ്രാമാണിക ഗ്രന്ഥത്തിൽ കണ്ടെത്താനാവും.

കാതോലിക്കേറ്റ് സ്ഥാപനം കൊണ്ടുമാത്രം സഭയിൽ ശാശ്വതമായ സമാധാനം സാദ്ധ്യമാവില്ലെന്ന് ഉറപ്പുണ്ടായിരുന്ന എം.എ. അച്ചൻ അതിനുള്ള ശക്തമായ ഉപാധിയെന്ന നിലയിലാണ് ആത്മപരിത്യാഗത്തിന്റെ സഹനമാർഗം ഏറ്റെടുത്തത്. സന്യാസ ജീവിതത്തോട് ചെറുപ്പനാൾ മുതൽ കാംക്ഷവച്ചിരുന്ന അദ്ദേഹം സ്വയമേവ ഒരു ഭിക്ഷാംദേഹിയായി പരിണമിക്കുകയായിരുന്നു. അതിനനുകൂലമായ സാഹചര്യം ബംഗാളിലെ സെറാമ്പൂരിൽ വച്ച് ഉരുത്തിരിഞ്ഞുവന്നു എന്നു മാത്രം. അവിടെയുള്ള ക്രൈസ്തവ സർവ്വകലാശാലയിൽ പ്രൊഫസറായി പ്രവർത്തിക്കുകയായിരുന്നു അദ്ദേഹം. സഭയുടെ വമ്പൻ സ്വത്തായ വട്ടിപ്പണത്തിനുതുല്യമായ ശമ്പളം അവിടെ നിന്നും പ്രതിവർഷം കരഗതമായിക്കൊണ്ടിരുന്നു.

ആ പണ്ഡിതാഗ്രഗ് ഇത്ര ഭീമമായ ശമ്പളം മുഴുവനും മലങ്കരയിൽ നിന്നും അദ്ദേഹം ഉപരിപഠനത്തിനായി ബംഗാളിലേക്ക് കൊണ്ടുപോയ സമർത്ഥ വിദ്യാർത്ഥികളുടെ പഠിപ്പിനുവേണ്ടി ചെലവിട്ടു. അന്ന് അദ്ദേഹം സെറാമ്പൂരിൽ തനിക്കൊപ്പം പാർപ്പിച്ച് പഠിപ്പിച്ചവരിൽ മിക്കവരും പിൽക്കാലത്ത് മെത്രാൻ സ്ഥാനം ഉൾപ്പെടെയുള്ള വലിയ സ്ഥാനമഹത്ത്വങ്ങളിൽ പ്രതിഷ്ഠിതരാവുകയുണ്ടായി. ഇക്കാലത്തും എം.എ. അച്ചന്റെ മനസ്സ് തന്റെ സഭയെ ഒഴിയാബാധപോലെ ഗ്രസിച്ചിരിക്കുന്ന ദ്രവ്യാസക്തിയെപ്പറ്റി ഓർത്ത് നീറിയെരിഞ്ഞുകൊണ്ടിരുന്നു. മെത്രാൻകക്ഷിയെന്നും ബാവാകക്ഷിയെന്നും പക്ഷം പറഞ്ഞ് കൊലപാതകപരമ്പരകൾ വരെ മലങ്കരയുടെ തിരുമുറ്റത്ത് അരങ്ങേറിക്കഴിഞ്ഞു. രാപകൽ അദ്ദേഹം അതിനു പരിഹാരം തേടി ഉള്ളുപൊള്ളി കരഞ്ഞു പ്രാർത്ഥിച്ചു. ആത്മപരിത്യാഗത്താലല്ലാതെ ഈ ദുഷ്ടജാതി ഒഴിഞ്ഞുപോവുകയില്ല എന്ന വേദോക്തിയുടെ ശക്തിയാൽ എം.എ. അച്ചൻ പ്രൊഫസർ സ്ഥാനം രാജിവച്ചൊഴിഞ്ഞു. മലങ്കരയെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചുകളഞ്ഞ സാഹസപ്രവൃത്തിയായിരുന്നു ആ രാജി. തുടർന്ന്, പശ്ചിമഘട്ടത്തിൽ മുണ്ടൻമലയിലെ കൊടും വനാന്തരത്തിൽ ഒരു പർണ്ണാശ്രമം കെട്ടി 1919–ൽ അദ്ദേഹം ആർഷജീവിതം സമാരംഭിച്ചു. സെറാമ്പൂരിൽ ആയിരുന്നപ്പോൾത്തന്നെ ശൈശവാശ്രമം എന്ന പേരിൽ അതിനദ്ദേഹം തുടക്കം കുറിച്ചിരുന്നു. ക്രിസ്തുവിനെസ്വന്തമാക്കണമെന്ന തീരാദാഹത്തോടെ ബഥനി ക്രിസ്ത്യാനുകരണ സന്യാസസമൂഹങ്ങൾക്ക് അദ്ദേഹം രൂപം നൽകി. അദ്ദേഹം ബാരിസോളിലയച്ച് ഉപരിപഠനം തരപ്പെടുത്തിയ പത്ത് അഭിജാതയുവതികളെ ഏകോപിപ്പിച്ച് ബഥനി സന്യാസിനിമഠവും അദ്ദേഹം ആരംഭിച്ചു. അല്മായർക്കുവേണ്ടിയും ലളിതമായ ഭക്ത്യാഭ്യാസങ്ങൾ ഉള്ളടങ്ങിയ തൃതീയാശ്രമം എന്ന ഒരു പുണ്യചര്യയും അദ്ദേഹം തുടങ്ങി. അങ്ങനെവിശുദ്ധരുടെ ഒരു കൂട്ടായ്മയെ സ്വപ്നം കണ്ടുകൊണ്ട് അദ്ദേഹം നാന്ദി കുറിച്ച ബഥനി പ്രസ്ഥാനങ്ങൾ കലഹകലുഷമായ ഓർത്തഡോക്സ് സഭയുടെ മൃതസഞ്ജീവനിയായി അനുഭവപ്പെടുകയായി

രുന്നു. പലവിധ കാരണങ്ങളാൽ കൂടപ്പിറപ്പുകൾപോലും കൈവെടിഞ്ഞ ഹതഭാഗ്യരായ അനാഥകുഞ്ഞുങ്ങളെ എടുത്തുകൊണ്ടുവന്ന് ആശ്രമങ്ങളോടു ചേർന്ന് നിർമ്മിച്ച അനാഥശാലകളിൽ അവരെ താമസിപ്പിച്ച് ആ പുണ്യതാതൻ പോറ്റി വളർത്തി. ഭിക്ഷാടനം ചെയ്താണ് ആ മഹർഷിയും ശിഷ്യരും ഉപജീവനം നടത്തിപ്പോന്നത്. പുതിയകാവിലെ പ്രതാപം മുറ്റിയ സ്വന്തം തറവാട്ടുമുറ്റത്തും ചെന്നു നിന്ന് ആ യോഗീശ്വരൻ ഭിക്ഷതെണ്ടിയിട്ടുണ്ട്.

മലങ്കര സുറിയാനി യാക്കോബായ വൈദികരിൽ ഏറ്റവും ശ്രദ്ധേയൻ എന്ന നിലയിൽ സർവ്വരാലും ആദരിക്കപ്പെട്ടുപോന്ന എം.എ. അച്ചനെ മേൽപ്പട്ടസ്ഥാനത്തേക്കുയർത്താൻ സഭാസുനഹദോസ് തീരുമാനിച്ചു. പക്ഷേ, മെത്രാനാകാൻ തീർത്തും വിമുഖനായിരുന്ന അദ്ദേഹം വനാന്തരമഹർഷിയായി ജീവിച്ചു മരിക്കാൻ അനുവദിക്കണമെന്നായിരുന്നു സഭാധികാരികളോട് അപേക്ഷിച്ചത്. പക്ഷേ, ഭാവി കാതോലിക്കായായി ഏവരും മനസ്സാ പൂജിച്ചുപോന്ന എം.എ. അച്ചൻ മെത്രാനാകേണ്ടത് കാലത്തിന്റെ അനിവാര്യതയായിരുന്നു. അതിനാൽ സൂനഹദോസ്, നിശ്ചയത്തിൽ നിന്നും വ്യതിചലിച്ചില്ല. സന്ന്യാസിനീ പഠനം പൂർത്തിയാക്കി കാത്തിരിക്കുന്ന പെൺകുട്ടികളെ സന്ന്യാസിനികളായി വ്രതം ചെയ്യിക്കാൻ അനുവദിക്കാതിരുന്ന സഭാതലവൻ വട്ടശ്ശേരിൽ തിരുമേനിയുടെ കാർക്കശ്യത്തെ അതിജീവിച്ച് സഭയിൽ ഇദംപ്രഥമമായി കന്യാസ്ത്രീമഠം എന്ന തന്റെ ചിരകാല സ്വപ്നം സാക്ഷാത്കരിക്കുവാൻ തന്റെ മെത്രാൻപദവി ഉപയുക്തമാകുമല്ലോ എന്ന വീണ്ടുവിചാരത്തോടെ മാത്രമാണ് എം.എ. അച്ചൻ മെത്രാനാകാൻ സമ്മതം മൂളിയത്. പക്ഷേ, സ്വതന്ത്രപ്രസ്ഥാനമായ ബഥനിയുടെ മെത്രാനായി മാത്രമേ വാഴിക്കാവൂ എന്നദ്ദേഹം ശഠിക്കുകയും ചെയ്തു. അങ്ങനെ ബഥനി മെത്രാനായി 1925 മെയ് 1–ന് ആ യുഗപ്രഭാവൻ വാഴിക്കപ്പെട്ടു. മെത്രാഭിഷേകദിനത്തിൽ പിതാവു ചെയ്ത ചരിത്രപ്രസിദ്ധമായ പ്രസംഗത്തിലൂടെ, സഭാപുനരൈക്യത്തിന്റെ അനിവാര്യതയെപ്പറ്റിയാണ് അദ്ദേഹം ശക്തിയുക്തം സംസാരിച്ചത്. അക്കാര്യത്തിൽ ഓർത്തഡോക്സ് സഭാനേതൃത്വത്തിനും മറിച്ചൊരഭിപ്രായം ഇല്ലായിരുന്നു. കാരണം, കോടതിവിധികൾ എല്ലാം ഓർത്തഡോക്സ് പക്ഷത്തിന് പ്രതികൂലവും ബാവാകക്ഷികൾക്ക് അനുകൂലവും ആയിരുന്നു. സ്ഥാവരജംഗമവസ്തുക്കളെല്ലാം കോടതി വിധിമൂലം ശത്രുപക്ഷത്തിനു വിട്ടുകൊടുക്കേണ്ട ദുർഭഗാവസ്ഥയിൽ, ഏകരക്ഷാമാർഗം കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുകയാണ് എന്ന് ഓർത്തഡോക്സ് സഭാപിതാക്കൻമാർ ചിന്തിച്ചുറച്ചു. പക്ഷേ ഭൗതികലാഭം പ്രതീക്ഷിച്ചല്ല ബഥനി പിതാവ് പുനരൈക്യത്തിനായി ദാഹിച്ചത്. മാർതോമാശ്ലീഹായിലൂടെ കരഗതമായ അതിപുരാതനകത്തോലിക്കാ പൈതൃകം കൂനൻകുരിശു ശപഥത്തെത്തുടർന്ന് കളഞ്ഞുകുളിച്ച് 1665 മുതലെങ്കിലും അകത്തോലിക്കാ വിശ്വാസത്തെ പരിണയിക്കാൻ ഇടയായ ദുർവിധിക്കുള്ള പരിഹാരമായാണ് പുനരൈക്യത്തെ ആ ക്രാന്തദർശി സമീപിച്ചത്. സ്വന്തം വീടുപേക്ഷിച്ച് ഇറങ്ങിപ്പോയ ധൂർത്തപുത്രന്റെ തറവാട്ടിലേക്കുള്ള വിവേകപൂർണ്ണവും പശ്ചാത്താപ നിർഭരവുമായ പ്രത്യാഗമം ആയിരുന്നു ബഥനിപിതാവിനെസംബന്ധിച്ച് പുനരൈക്യം.



ഓർത്തഡോക്സ് പിതാക്കന്മാർ 1926 ൽ പരുമലയിൽ കൂടിയ സൂനഹദോസിലൂടെ എത്രയും വേഗം സഭാപുനരൈക്യ പ്രവർത്തനം ആരംഭിക്കുവാനും അതിന്റെ പൂർണ്ണ ചുമതല ബഥനി പിതാവിൽ അർപ്പിക്കുവാനും തീരുമാനിച്ചു. അങ്ങനെയാണ് മാർ ഈവാനിയോസ് തിരുമേനി റോമായിലെ കത്തോലിക്കാ ആസ്ഥാനവുമായി അനു



രഞ്ജനദാഹത്തോടെ കത്തിടപാടുകൾ ആരംഭിച്ചത്. 1930–ൽ റോം പുനരൈക്യത്തിന് അനുവാദം നൽകും എന്ന ഘട്ടമെത്തിയപ്പോൾ അതുവരെ പുനരൈക്യം എന്ന പിടിവള്ളിക്കായി വെമ്പിനിന്ന ഓർത്തഡോക്സ് നേതൃത്വം സ്വന്തം നിലപാടുകളിൽ നിന്നും മലക്കംമറിഞ്ഞു. കാരണം എന്തെന്നോ? അക്കൊല്ലത്തെ കോടതി വിധി (ജസ്റ്റിസ് വീരരാഘവ അയ്യരുടെ വിധി) ഓർത്തഡോക്സ് പക്ഷത്തിന് അനുകൂലമായിരുന്നു. ബാവാ കക്ഷികളിൽ നിന്നും സ്ഥാവരജംഗമവസ്തുക്കൾ ഓർത്തഡോക്സ് പക്ഷത്തിന് ലഭിക്കുന്ന തരത്തിലായിരുന്നു പുതിയ വിധി. ഇതോടെ പുനരൈക്യശ്രമങ്ങളിൽ നിന്നും പിന്തിരിയാൻ സഭാനേതൃത്വം മാർ ഈവാനിയോസ് പിതാവിനോട് ആജ്ഞാപിച്ചു. പക്ഷെ കലപ്പയിൽ കൈവച്ചിട്ട് പിന്തിരിയുന്ന ഒരുവനും ദൈവരാജ്യത്തിന് അർഹനല്ല എന്ന ദൈവവചനത്തെ മുറുകെപ്പിടിച്ച് മാർ ഈവാനിയോസ് പിതാവും ഏതാനും അനുചരന്മാരും കൂടി മുണ്ടൻമലയിലെ സ്വന്തം അധീനതയിലുള്ള പൊന്നുവിളയുന്ന അഞ്ഞൂറ് ഏക്കർ ഭൂമി പാടേ ഉപേക്ഷിച്ച് പുനരൈക്യം എന്ന പാലും തേനും ഒഴുകുന്ന കനാൻ നാട് തേടി പലായനം ചെയ്തു. അതോടെ പൂർവ്വ സഭയിൽ നിന്നും പീഡനപരമ്പരകൾ നേരിടേണ്ടി വന്നു. കൊലപാതകശ്രമങ്ങളോളം എത്തി ആ ഉദ്യമങ്ങൾ. സർവ്വ ഭർത്സനങ്ങളും സഹിച്ച് ആ ഭിക്ഷാംദേഹി സത്യത്തെ വാരിപ്പുണരാനായി ഇറങ്ങിത്തിരിച്ചു. വലിയൊരു സഭാവിഭാഗത്തിന്റെ ഒന്നടങ്കമുള്ള ആഗ്രഹം എന്ന നിലയിലാണ് പുനരൈക്യത്തിന് റോം അനുകൂല നിലപാടെടുത്തത്. എന്നാൽ ബഥനിപിതാവിനേയും അംഗുലീപരിമിതരായ ശിഷ്യന്മാരേയും മാത്രം ഒറ്റപ്പെടുത്തി സർവ്വരും പിന്തിരിഞ്ഞപ്പോൾ റോമിനു വേണമെങ്കിൽ പുനരൈക്യാനുമതി കൊടുക്കാതിരിക്കാമായിരുന്നു. എന്നാൽ റോം അനുവദിക്കുകതന്നെചെയ്തു. രണ്ടായിരാമാണ്ടുകളുടെ കത്തോലിക്കാ ചരിത്രത്തിൽ ഇതാ ഒരു ശുഷ്കസമൂഹത്തിനുവേണ്ടി റോം പത്തൊൻപതാമത്തെ ഒരു റീത്ത് തന്നെ അനുവദിച്ച് മലങ്കര കത്തോലിക്കാസഭയ്ക്ക് ഇടം കൊടുത്തിരിക്കുന്നു. സഭാചരിത്രത്തിൽ ഇതൊരു വിജയസംഭവം തന്നെയാണ്. എന്തുകൊണ്ടെന്നാൽ, പരിശുദ്ധാത്മാവിന്റെ നിറവ് മാർ ഈവാനിയോസ് പിതാവിൽ തുളുമ്പി നിന്നിരുന്നു. അതിന്റെ പ്രതിഫലനമാണ് ലോകസഭകളിൽ വച്ചേറ്റം വേഗത്തിൽ വളരുന്ന സഭ മലങ്കര കത്തോലിക്കാ സഭയാണ് എന്ന വിശ്വാംഗീകാരം.


ജീവിതത്തെ സഹനതീർത്ഥാടനമാക്കിയ ആ കാഷായ വിശുദ്ധന്റെ മദ്ധ്യസ്ഥ്യത്താൽ ഈ സഭാസമൂഹം അതിശയകരമായ വളർച്ചയോടെ പാലും തേനും അനർഗളം നിർഗളിക്കുന്ന കാനാൻദേശത്തിന്റെ അവകാശികളായി മാറിക്കഴിഞ്ഞിരിക്കുന്നു.

*"സ്വർഗ്ഗത്തിൽ എത്തിയ ശേഷവും*
*ഞാൻ പുനരൈക്യത്തിനായി പ്രാർത്ഥിച്ചു കൊണ്ടേയിരിക്കും"*

*– ആർച്ചുബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ്*

# അക്ഷരസമർപ്പണം

*- പീറ്റർ സി. ഏബ്രഹാം*




*'അവിടുത്തെ നോക്കിയവർ പ്രകാശിതരായി' എന്ന സങ്കീർത്തനഭാഷ്യം രുചിച്ചറിയുന്നവനാണ് ക്രിസ്ത്യാനി. ദൈവസമ്പാദനം എന്ന ലക്ഷ്യത്തോടെ ക്രിസ്ത്യാനുകരണ സന്ന്യാസസമൂഹങ്ങൾ സ്ഥാപിച്ചുകൊണ്ട് ദൈവത്തെ ഉറ്റുനോക്കിയിരുന്ന് ധ്യാനജീവിതം നയിച്ച മാർ ഈവാനിയോസ് പിതാവാണ് ഒരു മലങ്കരക്കാരന്റെ പ്രേരണാസാക്ഷ്യം. ആ പാവനാത്മാവിന്റെ ജീവിതത്തിലേക്ക് ആഴ്ന്നിറങ്ങിക്കൊണ്ടായിരുന്നു എന്റെ സാഹിത്യപരമായ ആദ്യകാൽവയ്പുകൾ. കാലാതീതമായ അദ്ധ്യാത്മപ്രയാണമാണാ ജീവിതം എന്ന തിരിച്ചറിവാണ് ആ യുഗപ്രഭാവന്റെ സ്മൃതികുടീരത്തിലേക്കു പദം വയ്ക്കുവാൻ എന്നെ പ്രേരിപ്പിച്ചത്. ആ പിതൃസന്നിധിയിൽ ഓടിയെത്തിയ ഒരുവൻപോലും ഭഗ്നാശനായി മടങ്ങിപ്പോയിട്ടില്ല. വേദനയുടെ കനൽ കത്തിനിന്ന നെഞ്ചകങ്ങളിൽ വന്ദ്യപിതാവിന്റെ അഭൗമ മാദ്ധ്യസ്ഥ്യം മഴക്കുളിരായി പെയ്തിറങ്ങുന്ന അനുഭവസാക്ഷ്യങ്ങൾ ദിനംപ്രതി പെരുകുകയാണ്.*

*നൂറുകണക്കിനു വേദികളിൽ ഈവാനിയോസ് പിതാവിനെപ്പറ്റി ക്ലാസ്സുകൾ നയിക്കാനും ഗ്രന്ഥങ്ങളിലൂടെയും നിരവധി ലേഖനങ്ങളിലൂടെയും ആ അനന്യപ്രതിഭാസത്തെ പ്രകാശിപ്പിക്കാനുമായി എനിക്കു ലഭിച്ച കൃപയെ ജീവിതസാഫല്യമായി ഞാൻ ഗണിക്കുകയാണ്. 'മലങ്കരസൂര്യൻ' എന്ന എന്റെ പുസ്തകം വായിച്ചതാണ് തങ്ങളുടെ പൗരോഹിത്യപ്രവേശനത്തിനുള്ള ഒരു പ്രധാനപ്രേരണ എന്ന് രണ്ട് വൈദീകർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 'അറ്റവേനലിൽ കൂറ്റൻ മഴ' എന്നാണ് ഈ കൃതിയെ വി. കിളിച്ചിമല എന്ന പ്രശസ്ത ഗ്രന്ഥകാരൻ ഗ്രന്ഥാസ്വാദനകുറിപ്പിൽ വിശേഷിപ്പിച്ചത്. അതായത്, ജനമനസ്സുകളിൽ നിന്നും പിതൃസ്മൃതിയുടെ അവസാനതുള്ളിയും വറ്റിപ്പോയ അറ്റ വേനലിലാണ് സഭയിലാകെ ഓളങ്ങളുയർത്തിക്കൊണ്ട് 'മലങ്കരസൂര്യൻ' ഉദയം കൊണ്ടത്. വന്ദ്യപിതാവിന്റെ ഹൃദയശുദ്ധിയുടെ ആഴവും ഉദാത്തനേതൃത്വത്തിന്റെ തനിമയും ജനഹൃദയങ്ങളിൽ കോരി നിറച്ച പുസ്തകമാണത്. ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായ പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിയുടെ സെക്രട്ടറിയായി സേവനം ചെയ്തിരുന്ന ഫാ. ജോസഫ് എന്ന വന്ദ്യപുരോഹിതൻ കോട്ടയം പഴയ സെമിനാരിയിൽ നിന്നും എടുത്തു തന്ന നിരവധി പുരാതന ബൃഹത്കൃതികൾ മലങ്കരസൂര്യന്റെ രചനയിൽ എനിക്കു സഹായകമായി. ഡൽഹിയിൽ നിന്നും ബഹു. ചെറിയാൻ താഴമൺ അച്ചൻ ഉൾപ്പെടെ നാനാദിശകളിൽ നിന്നും അനേകർ അയച്ചുതന്ന ആശംസകളും പാരിതോഷികങ്ങളും ആ പുസ്തകത്തിന്റെ മൂല്യത്തെ ശരിവയ്ക്കുന്നവയായിരുന്നു. ഈ പുസ്തകത്തെ ആസ്പദിച്ച് ആർട്ടിസ്റ്റ് ദേവസിയുടെ വരയോടെ ഒരു ചിത്രകഥാ പുസ്തകവും ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ നേതൃത്വത്തിൽ ഒരു ഡോക്യുമെന്ററിയും തയ്യാറാക്കപ്പെട്ടിട്ടുണ്ട്.*


*ബഥനി പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ച ഏറ്റം മികച്ച കൃതിക്കുള്ള 1997 - ലെ അവാർഡ് ഉൾപ്പെടെ പല അവാർഡുകളും 'മലങ്കരസൂര്യൻ' നേടി. അതിന്റെ ഇംഗ്ലീഷ് പരിഭാഷ നിർവ്വഹിച്ച, ഓർത്തഡോക്സ് സഭാംഗമായ പ്രൊഫ. റബേക്കാ തോമസിന് പട്ടം അതിഭദ്രാസനദേവാലയത്തിൽ വച്ച് വന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി ഒരു അവാർഡ് സമ്മാനിച്ചു. മലങ്കരസൂര്യന്റെ രണ്ടാം പതിപ്പ് കാനനൈസേഷൻ കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ പുനഃപ്രസിദ്ധീകരിച്ചു. വന്ദ്യ പിതാവിന്റെ വിശുദ്ധപദനാമകരണസമിതിയിൽ അംഗമായി പ്രവർത്തിക്കാനുള്ള ഭാഗ്യവും എനിക്കുണ്ടായി.*

*എം.സി.വൈ.എം - ന്റെ അതിരൂപതാ പ്രസിഡന്റായിരുന്ന എന്റെ ആത്മസ്നേഹിതൻ ശ്രീ. മൈലപ്രാ കെ. ജി. ജോയിയുടെ പ്രേരണയാൽ ഞാൻ എഴുതിക്കൊടുത്ത ഗാനം ഈവാനിയൻ പദയാത്രയിൽ തീർത്ഥാടകർ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. 'തീർത്ഥം' എന്ന പേരിൽ ബഹു. അരുൺ ഏറത്ത് അച്ചൻ സംഗീതം പകർന്ന മാർ ഈവാനിയോസ് മാദ്ധ്യസ്ഥ്യ ഗാനശേഖരത്തിൽ ഏറെ ഗാനങ്ങളും എഴുതാൻ നിയോഗിച്ചത് എന്നെയായിരുന്നു.*

*മാർ ഈവാനിയോസ് പിതാവിനെപ്പറ്റി ഏറ്റവും കൂടുതൽ ക്ലാസുകൾ നയിച്ച അല്മായൻ എന്ന സ്ഥാനമഹത്ത്വവും എനിക്കു കരഗതമായതിൽ ഞാൻ ദൈവത്തോട് നന്ദി പറയുന്നു. ഒരു പദയാത്രാവാരത്തിൽ മാത്രമായി ഏഴു പ്രസംഗങ്ങൾക്കു വരെ ഞാൻ ക്ഷണിക്കപ്പെട്ടിരുന്നു. തിരുവല്ലാ ബഥനി ആശ്രമത്തിലെ ശെമ്മാശൻമാർക്കും ബഥനിയുടെ അവധിക്കാല മാർഗ്ഗനിർദ്ദേശക്യാമ്പിലെ അംഗങ്ങൾക്കും ഏറെക്കൊല്ലക്കാലം ഞാൻ തുടർച്ചയായി ക്ലാസ്സുകൾ നയിച്ചിരുന്നു.*

*ദൈവദാസൻ മാർ ഈവാനിയോസ് പിതാവിലൂടെ സംലബ്ധമായ അത്ഭുതകാര്യസാദ്ധ്യങ്ങളെപ്പറ്റി സാക്ഷ്യം പറയുന്നവരുടെ എണ്ണം പ്രതിവർഷം വർദ്ധിക്കുകയാണ്. പിതാവിലൂടെയാണ് ഞാനും സഭയിൽ എന്റേതായ ഇടം അടയാളപ്പെടുത്തിയിട്ടുള്ളത്. എം.സി.വൈ.എം പത്തനംതിട്ട രൂപതാ സമിതി മുൻകൈയെടുത്ത് പ്രസിദ്ധീകരിക്കുന്ന ഈ സാക്ഷ്യശേഖരപ്പതിപ്പിന് ഈവാനിയൻ അനുഗ്രഹമുദ്രണം ചാർത്തപ്പെടട്ടെ എന്നു പ്രാർത്ഥിക്കുന്നു.*





# ഭാഗ്യസ്മരണയിൽ....

**മോൺ. ജോസ് ചാമക്കാലായിൽ കോർഎപ്പിസ്കോപ്പ**
എം.സി.വൈ.എം.
മേജർ അതിരൂപത മുൻ ഡയറക്ടർ

ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്ക് എം.സി. വൈ.എം-ന്റെ നേതൃത്വത്തിൽ നടത്തുന്ന തീർത്ഥാടനപദയാത്ര ഇപ്പോൾ മലങ്കര കത്തോലിക്കാസഭയുടെ ഔദ്യോഗിക തീർത്ഥാടനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്താണ്. കാരുണ്യവർഷത്തെ പുണ്യപ്രവർത്തികളിൽ നിർദ്ദേശിച്ചിരിക്കുന്ന തീർത്ഥാടനത്തിന് സഭയുടെ വിവിധ വേദികളിൽ ശുപാർശ ചെയ്യപ്പെടുന്നതും ഈ തീർത്ഥാടനപദയാത്രയെയാണ്. ഒരു പുണ്യപ്രവൃത്തി എന്ന നിലയിൽ അത്രത്തോളം സ്വീകാര്യത സഭയുടെ വിവിധ വേദികളിൽ ഈ തീർത്ഥാടനത്തിന് ഇന്ന് കൈവന്നിട്ടുണ്ട്. അത്യഭിവന്ദ്യ കർദ്ദിനാൾ ബസ്സേലിയോസ് ക്ലീമ്മീസ് കാതോലിക്കാബാവ ഈ തീർത്ഥാടനത്തിൽ ഒന്നിലധികം പ്രാവശ്യം പങ്കെടുക്കുക വഴി സഭയിലും സമൂഹത്തിലും ഒരു ആത്മീയ അനുഷ്ഠാനം എന്ന നിലയ്ക്ക് തീർത്ഥാടനപദയാത്ര ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. പദയാത്രയുടെ ഈ വളർച്ച കാലാകാലങ്ങളിൽ എം.സി.വൈ. എം-ന് നേതൃത്വം നൽകിയ യുവജനനേതൃത്വത്തിന്റെ ത്യാഗോജ്വലമായ പ്രയത്നത്തിന്റേയും നിശ്ചയ ദാർഢ്യത്തോടെയുള്ള ആസൂത്രണത്തിന്റേയും പരിണിതഫലമായി അനുക്രമം കൈവന്നിട്ടുള്ളതാണ്.

യുവജനങ്ങളെ അണിനിരത്തി ഒരു തീർത്ഥാടനപദയാത്ര എന്ന ആശയം ബഹു: ഡൊമനിക് സഖറിയാസച്ചൻ പ്രാവർത്തികമാക്കുവാൻ ശ്രമിച്ചപ്പോൾ അത് ഉൾക്കൊള്ളുവാനും അതിൽ അണിച്ചേരുവാനും അധികമാരും ശ്രമിച്ചില്ല. എം.സി.വൈ.എം-ന്റെ വാർഷിക കർമ്മപരിപാടികളിൽ ഒരിനം എന്നതിനപ്പുറം ഒരു പ്രാധാന്യം ഈ തീർത്ഥാടനപദയാത്രയ്ക്ക് ലഭിച്ചിരുന്നില്ല. കാരണം ആയാസകരമായ ഒരു ഭക്താനുഷ്ഠാനത്തിന് യുവജനസമൂഹത്തെകൊണ്ട് സാധിക്കുകയില്ല എന്ന മുൻവിധി പലരേയും ഇതിൽ പങ്കാളികളാകുന്നതിൽ നിന്നും പിൻതിരിപ്പിച്ചു. പദയാത്രയുടെ ആത്മീയത നിലനിർത്തുന്നതിന് കൃത്യമായ നടപടി ക്രമങ്ങളും പ്രചാരണങ്ങളും വേണ്ടിവന്നു. യഥാർത്ഥത്തിൽ മാർ ഈവാനിയോസ് പിതാവ് എന്ന മഹാവ്യക്തിത്വത്തെ മലങ്കര കത്തോലിക്കാസഭാ വിശ്വാസികളുടെ മുമ്പിൽ വ്യക്തമായി അവതരിപ്പിച്ചത് പദയാത്രയിലൂടെയാണ്. ഈ പിതാവിനെഅടുത്തറിഞ്ഞതും ദർശനങ്ങൾ പരിചിതമായതും പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രസക്തിയെക്കുറിച്ച് ബോധ്യമായതും ഈ പദയാത്ര നൽകിയ സന്ദേശത്തിൽ നിന്നും സാക്ഷ്യത്തിൽ നിന്നുമാണ്. പിതാവിന്റെ മദ്ധ്യസ്ഥതയിൽ അത്ഭുതങ്ങളും അടയാളങ്ങളും സംഭവിക്കുമെന്ന ബോധ്യം അനേകരെ പിതാവിന്റെ കബറിങ്കലേക്ക് ആകർഷിച്ചു. മാർ ഈവാനിയോസ് പിതാവിന്റെ കബറിടം അനേകരുടെ ആശ്രയസങ്കേതമായി തീരുന്നതിൽ പദയാത്രയ്ക്കുള്ള പങ്ക് വളരെ വലുതാണ്.

തീർത്ഥാടനപദയാത്ര വളരെയേറെ ക്ലേശങ്ങളിലൂടെയും അവഗണനയിലൂടെയും നിസഹകരണത്തിലൂടെയും കടന്നു പൊയ്ക്കൊണ്ടിരുന്ന കാലഘട്ടത്തിലാണ് ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് എന്നെ എം.സി.വൈ.എം-ന്റെ ഡയറക്ടർ സ്ഥാനത്തേക്ക് നിയോഗിച്ചത്. അന്ന് കെ.വി. തോമസുകുട്ടി (പ്രസിഡന്റ്), മോൻസൻ കെ. മാത്യു (ജനറൽ സെക്രട്ടറി), ജോസ് ചന്ദനപ്പള്ളി (ട്രഷറാർ) എന്നിവരുടെ നേതൃത്വമായിരുന്നു എം.സി.വൈ.എം-ന് ഉണ്ടായിരുന്നത്. തുടർന്ന് 1987 ഡിസംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ മോൻസൻ കെ. മാത്യു (പ്രസിഡന്റ്), ജോസ് ചെറിയനാട് (ജനറൽ സെക്രട്ടറി), അജയൻ തോമസ് (ട്രഷറാർ) പുതിയ സമിതി നിലവിൽ വന്നു. ഈ സമിതിയുടെ നേതൃത്വത്തിലുള്ള തീർത്ഥാടനപദയാത്രയിലാണ് ഞാൻ ആദ്യമായി പങ്കെടുക്കുന്നത് (ആദ്യാവസാനം പദയാത്രികനായി പദയാത്രയിൽ പങ്കെടുത്ത ആദ്യവൈദീകൻ എന്ന ബഹുമതിയും എനിക്കാണ്). അന്നത്തെ പദയാത്രയുടെ പ്രോഗ്രാമനുസരിച്ച് ജൂലൈ 8-ന് വൈകിട്ട് റാന്നി-പെരുനാട് ദേവാലയത്തിൽ ധ്യാനം. ജൂലൈ 9-ന് അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ദിവ്യബലി, തുടർന്ന് പദയാത്രാ ആശിർവാദവും ഉത്ഘാടനവും. ഈ പദയാത്ര ജൂലൈ 15-ന് പട്ടം കബറിങ്കൽ സമാപനം. നിരവധി രാഷ്ട്രീയ ഘോഷയാത്രകളും ശക്തിപ്രകടനങ്ങളും പ്രകമ്പനം കൊള്ളിച്ചുകൊണ്ട് കടന്നുപോയിട്ടുള്ള ഈ ഗ്രാമവീഥിയിലൂടെ ഭക്തിനിർഭരമായ പ്രാർത്ഥനാഗീതങ്ങൾ ഉരുവിട്ടുകൊണ്ട് ആർഷഭാരതസംസ്ക്കാരത്തിന്റെ പ്രതീകമായ കാഷായവേഷം ധരിച്ചുകൊണ്ട് വള്ളിക്കുരിശിനെഅനുധാവനം ചെയ്തുകൊണ്ട് ഈ നിരത്തിലൂടെ കടന്നുവരുന്ന തീർത്ഥാടനപദയാത്ര. ഇതാണ് പദയാത്രയുടെ പൈലറ്റ് വാഹനത്തിൽ നിന്നും ഒഴുകിവരുന്ന അനൗൺസ്മെന്റ്. ഈ വാചകത്തിൽ പദയാത്രയുടെ ആത്മാവ് കുടിയിരിക്കുന്നു. ഇതായിരുന്നു പദയാത്ര. പദയാത്രയ്ക്ക് ആവശ്യമായ വള്ളിക്കുരിശ് നിലയ്ക്കൽ വനത്തിൽ നിന്നും പ്രത്യേകം തയ്യാറാക്കി ബഹു. പിലിപ്പോസ് നടമലയച്ചൻ പദയാത്രാ ആരംഭദിവസം ആശിർവാദത്തിനായി പെരുനാട് പള്ളിയിൽ എത്തിക്കുമായിരുന്നു. ആദ്യകാലങ്ങളെ അപേക്ഷിച്ച് പദയാത്രികരുടെ എണ്ണം എല്ലാ വർഷവും കൂടി കൂടി വന്നു. ഇതോടെ ഭക്ഷണം, താമസം, മറ്റുക്രമീകരണങ്ങളൊക്കെ വലിയ ബുദ്ധിമുട്ടായി. പ്രത്യേകിച്ച് ആയൂരിന് തെക്കോട്ട്. പദയാത്ര കടന്നുവരുന്ന സ്ഥലത്തെ ഇടവ കവികാരിയും ഇടവകജനങ്ങളും സഹായഹസ്തവുമായി വിവിധ പ്രദേശങ്ങളിൽ ഉണ്ടായിരുന്നു.

മോൻസൻ കെ. മാത്യുവിന്റെ നേതൃത്വത്തിലുള്ള അതിരൂപതാസമിതിയാണ് ഇന്നു കാണുന്ന രീതിയിൽ പദയാത്രാ ക്രമീകരണങ്ങൾ പുനഃക്രമീകരിച്ചത്. ജൂലൈ 9-ന് ആരംഭിച്ചുവരുന്ന പദയാത്ര ജൂലൈ 10-ലേക്ക് മാറ്റിയതുവഴി ഒരു ദിവസത്തെ ലാഭം ഉണ്ടായി. കൂടാതെ കൂടുതൽ പ്രദേശങ്ങളിലൂടെ പദയാത്ര കടന്നുവരുവാനും കൂടുതൽ അംഗങ്ങളെ പദ



യാത്രയിൽ ഉൾപ്പെടുത്തുവാനും ഒരു ദേവാലയത്തിൽ നിന്നും അടുത്തുള്ള മറ്റ് ദേവാലയത്തിലേക്ക് ഒരു ഇടവകയിലെ സാധ്യമാകുന്ന എല്ലാവർക്കും അനുധാവനം ചെയ്യുന്നതിനുമായി ജില്ലാപദയാത്രകൾക്ക് രൂപം നൽകി. പെരുനാട്ടിൽ നിന്നും ആരംഭിക്കുന്ന പ്രധാനപദയാത്രാസംഘത്തോടൊപ്പം നിശ്ചിത ഇടങ്ങളിൽ വെച്ച് സംയോജിക്കുന്ന വിധത്തിൽ ജില്ലാപദയാത്രകളെ ക്രമീകരിച്ചു. മാവേലിക്കര പിതാവിന്റെ ജന്മഗൃഹത്തിൽ നിന്നും ചെങ്ങന്നൂരിൽ നിന്നും ആരംഭിക്കുന്ന പദയാത്ര പ്രധാനപദയാത്രയുടെ രണ്ടാംദിവസം അടൂരിൽ വെച്ചും ആര്യങ്കാവ്, കുളത്തൂപ്പുഴ, കൊല്ലം ലത്തീൻ അരമനയിൽ നിന്നും ആരംഭിക്കുന്ന ജില്ലാ പദയാത്രകൾ മൂന്നാം ദിവസം ആയൂരിൽ സംഗമിക്കുന്ന വിധത്തിലും നെടുമങ്ങാട്, കഴക്കൂട്ടം തുടങ്ങിയ ജില്ലകളിൽ നിന്നും ആരംഭിക്കുന്ന പദയാത്രസംഘം നടത്തിയ ക്രമീകരണങ്ങൾ തെക്കൻകേരളത്തിന്റെ ഭൂരിഭാഗത്തുകൂടിയും പദയാത്രാസംഘങ്ങൾ കടന്നുവരുന്നതിനും ഇടയാക്കി. കൂടുതൽ അംഗങ്ങളെ പദയാത്രയിൽ പങ്കെടുപ്പിക്കുന്നതിനും ഇത് സഹായകമായി. അന്നത്തെ എം.സി.വൈ.എം ജില്ലാ ഭരണസമിതിയംഗങ്ങൾ വളരെ ശ്രദ്ധയോടെ ഈ ക്രമീകരണം നടത്തിയെന്നതും അഭിനന്ദനാർഹമാണ്.

തീർത്ഥാടനപദയാത്രയുടെ ക്രമീകരണങ്ങളിൽ ഏറ്റവും അധികം ശ്രദ്ധ നൽകിയിരുന്നത് പദയാത്ര ഒരുക്കസെമിനാറിനായിരുന്നു. ജൂൺ മാസത്തെ അവസാന ആഴ്ച്ചകളിൽ എല്ലാ ജില്ലകളിലും ജില്ലാസമിതിയുടെ നേതൃത്വത്തിൽ പദയാത്ര ഒരുക്കസെമിനാർ നടത്തിയിരുന്നു. മാർ ഈവാനിയോസ് പിതാവ്, മലങ്കര കത്തോലിക്കാസഭ, തീർത്ഥാടനപദയാത്ര എന്നീ വിഷയങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കുവാനും, പദയാത്രയിൽ അനുവർത്തിക്കേണ്ട അച്ചടക്കത്തേക്കുറിച്ചും, പദയാത്ര സമൂഹത്തിന് നൽകുന്ന സാക്ഷ്യത്തേക്കുറിച്ചും, ഭക്തിയോടെ, നിഷ്ഠയോടെ പങ്കെടുത്താൽ ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ചും, വേണ്ടത്ര ഒരുക്കമില്ലാതെ, ഭക്തിയില്ലാതെ ഇതിൽ പങ്കെടുത്തവർക്ക് മുൻകാലങ്ങളിൽ ലഭിച്ചിട്ടുള്ള ശാപശിക്ഷകളെക്കുറിച്ചും, മുൻവർഷങ്ങളിലെ പദയാത്രികരുടെ അനുഭവസാക്ഷ്യത്തിന്റെ പിൻബലത്തോടെ ഒരുക്കസെമിനാറിൽ അവതരിക്കപ്പെട്ടിരുന്നു. അതുകൊണ്ട് പ്രത്യേക ആമുഖമോ നിർദ്ദേശങ്ങളോ ഇല്ലാതെ പദയാത്രയുടെ അന്തസത്ത മനസ്സിലാക്കി പദയാത്രയിൽ പങ്കെടുക്കുന്നതിന് യുവാക്കളെ സഹായിച്ചു. ഇത് വലിയ സാക്ഷ്യമായി തീർന്നു. പദയാത്രക്രമീകരണത്തിനായി പദയാത്രഫണ്ട് രൂപീകരണം, അലങ്കരിച്ച വാഹനം, പദയാത്ര മഞ്ജരിയുടെ പുതിയ പതിപ്പ്. ഇന്നു നിലവിലുള്ള പദയാത്രാമഞ്ജരിയുടെ മിക്ക ഗാനങ്ങളും രചിച്ച ഫാ. ജോൺ കോന്നിയൂർ, ഫാ.ഓ.അയ്യനേത്ത്, പി.സി കുര്യൻ ചിറ്റാർ, പീറ്റർ.സി. ഏബ്രഹാം, ഇ.എം.ജി. ചന്ദനപ്പള്ളി എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

എം.സി.വൈ.എം നേതൃത്വത്തിലുള്ള തീർത്ഥാടനപദയാത്ര മറ്റൊരു വെല്ലുവിളി ഇക്കാലത്ത് അതിജീവിക്കേണ്ടി വന്നു. എം.സി.വൈ.എം-ന്റെ മുൻകാല നേതാക്കൻമാരുടെ നേതൃത്വത്തിൽ എം.സി.വൈ.എം-ന്റെ സംഘാടനത്തിന് പുറത്ത് 'തീർത്ഥാടനസമിതി' എന്ന പേരിൽ ഒരു പദയാത്രാസംഘം രൂപീകൃതമായിരുന്നു. എം.സി.വൈ.എം-ന്റെ പദയാത്രയ്ക്കു പിന്നാലെ മറ്റൊരു പദയാത്ര കടന്നുവന്നുകൊണ്ടിരുന്നത് ജനങ്ങളിൽ വളരെയേറെ ആശയക്കുഴപ്പം സൃഷ്ടിച്ചു. ഇത് ഒരു വിപരീതസാക്ഷ്യമാണ് സഭയിലും സമൂഹത്തിലും എടുത്തത് എന്നതും ഒരു മത്സരബുദ്ധിയോടെ സംഘടിപ്പിക്കേണ്ടതും അനുഷ്ഠിക്കേണ്ടതുമായ ഒരു തീർത്ഥാടനമല്ല ഇത് എന്ന ചിന്ത പ്രബലമായി വന്നു. 1989 ജൂൺ മാസത്തിൽ അഭിവന്ദ്യ ഗ്രിഗോറിയോസ് തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ ഇരുസമിതികളേയും അരമനയിൽ വിളിച്ചുകൂട്ടി പദയാത്രാനടത്തിപ്പിനെസംബന്ധിച്ച് പിതാവിനുള്ള ആശങ്ക പങ്കുവയ്ക്കുകയും ഒരു മദ്ധ്യസ്ഥക്രമീകരണം എന്ന നിലയിൽ ഇരുസമിതികളുടെയും നേതൃത്വത്തിലല്ലാതെ



പിതാവ് നിയോഗിക്കുന്ന ഒരു വൈദീകന്റെ നേതൃത്വത്തിൽ പദയാത്ര നടത്തുവാൻ നിർദ്ദേശിച്ചു. അതിനായി ബഹു. വറുഗീസ് മാവേലിലച്ചനെപിതാവ് നിയോഗിച്ചു. ഈ നിർദ്ദേശം എം.സി.വൈ.എം നേതൃത്വം അനുസരിക്കുകയും എം.സി.വൈ.എം-ന്റെ നേതൃത്വബാനർ ഉപേക്ഷിച്ച് പൂർവ്വാധികം ഭംഗിയായി പദയാത്രയിൽ പങ്കെടുക്കുകയും പദയാത്ര വൻവിജയമാക്കുകയും ചെയ്തു. എന്നാൽ തീർത്ഥാടനസമിതി ഈ നിർദ്ദേശം അനുസരിക്കാതെ നാഷണൽ ഹൈവേ വഴി പദയാത്ര ക്രമീകരിച്ച് നടത്തി. ഇതോടെ പദയാത്ര നടത്തിപ്പിൽ നിന്ന് തീർത്ഥാടനസമിതിയെ വിലക്കുകയും പദയാത്ര നടത്തിപ്പിന്റെ നേതൃത്വം എം.സി.വൈ.എം-ന് വിട്ടുതരികയും ചെയ്തു. ഇതോടെ തീർത്ഥാടനപദയാത്ര എം.സി.വൈ.എം-ന്റെ സ്വന്തമായി.

അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ നിർദ്ദേശവും പ്രോത്സാഹനവും ഈ പദയാത്രയെ വളർത്തുന്നതിൽ ഏറെ സഹായിച്ചിട്ടുണ്ട്. പദയാത്ര ഉത്ഘാടനശേഷവും പദയാത്ര കടന്നുവരുന്ന വിവിധ കേന്ദ്രങ്ങളിൽ വെച്ച് പദയാത്രസംഘത്തെ കാണുകയും ക്രമീകരണങ്ങൾ വിലയിരുത്തുകയും ചെയ്യുമായിരുന്നു പിതാവ്. ഏത് വിധത്തിലുള്ള സഹായവും ചെയ്തു തരുവാൻ സദാസന്നദ്ധനായിരുന്ന പിതാവിനെനന്ദിപൂർവ്വം ഓർക്കുന്നു. പദയാത്ര ക്ലേശകരമായ നാളുകളിലൂടെ കടന്നുപോയ കാലഘട്ടത്തിൽ ബഹു. ഡൊമനിക് സഖറിയാസച്ചൻ, ഇഗ്നേഷ്യസ് തങ്ങളത്തിലച്ചൻ, ജോഷ്വാ പീടികയിലച്ചൻ, മാത്യു വാഴപ്പിള്ളേത്തച്ചൻ, അന്ന് പെരുനാട് വികാരിയായിരുന്ന ചെറിയാൻ മായിക്കലച്ചൻ എന്നിവരുടെ പ്രോത്സാഹനവും സഹകരണവും ഈ പദയാത്രയെ നിലനിർത്തുന്നതിൽ ഏറെ സഹായിച്ചിരുന്നു. തീർത്ഥാടനപദയാത്രയിൽ എന്നെകൂടാതെ പിറ്റേ വർഷം പരിപൂർണ്ണമായി പങ്കെടുത്ത തോമസ് നായിക്കമ്പറമ്പിലച്ചൻ, ഗീവർഗീസ് നെടിയത്തച്ചൻ എന്നിവരെ പ്രത്യേകം ഓർക്കുന്നു. കൂടാതെ ബത്തേരി രൂപതയിൽ നിന്നും പദയാത്രക്ക് മുടങ്ങാതെ എത്തിയിരുന്ന ബഹു. അൽഫോൺസ് ഒ.ഐ.സി. അച്ചനെപ്രത്യേകം ഓർക്കുന്നു. പദയാത്ര കടന്നുപോകുന്ന ഇടങ്ങളിൽ വീടുകളിൽ നിന്നും തയ്യാറാക്കി കൊണ്ടുവന്ന ഭക്ഷണപ്പൊതികളുമായി പദയാത്രികരെ സ്വീകരിച്ച ഇടവകസമൂഹം, അതിന് നേതൃത്വം നൽകിയ വികാരിയച്ചനും ഇടവകകമ്മിറ്റിയും അങ്ങനെ നന്ദി രേഖപ്പെടുത്തേണ്ടവരുടെ ഒരു നീണ്ടനിര തന്നെ എന്റെ മുമ്പിലുണ്ട്.

പിതാവിന്റെ മദ്ധ്യസ്ഥതയിൽ ലഭിച്ച അനുഗ്രഹങ്ങളുടേയും നിയോഗലബ്ദികളുടെയും ഒരു വലിയ ചരിത്രം തന്നെ നമ്മുടെ പക്കലുണ്ട്. ഈ തീർത്ഥാടനപദയാത്രയിലൂടെ വ്യക്തിപരമായി ഏറെ അനുഗ്രഹം ലഭിച്ചവർ, സന്താനലബ്ദി ലഭിച്ചവർ, രോഗവിമുക്തി നേടിയവർ, സംസാരശേഷി ലഭിച്ചവർ, ഉദ്യോഗം ലഭിച്ചവർ എന്നിങ്ങനെഅനുഗ്രഹങ്ങളുടെ വിവിധതലങ്ങൾ തീർത്ഥാടകർ പങ്കുവയ്ക്കുന്നത് ഞാൻ അഭിമാനത്തോടെ കേട്ടുനിന്നിട്ടുണ്ട്. പദയാത്രയുടെ സംഘാടനസമിതിയിൽ ആത്മാർത്ഥമായി പ്രവർത്തിച്ചിരുന്ന എല്ലാവരിലും അനുഗ്രഹത്തിന്റെ പെരുമഴ ചൊരിയപ്പെട്ടിരിക്കുന്നതിന് ഞാൻ സാക്ഷ്യം നൽകാം.

പ്രസ്ഥാനം എന്ന നിലയ്ക്ക് മുന്നേറുവാൻ എം.സി.വൈ.എം-ന് ശക്തിയും ചൈതന്യവും ലഭിച്ചിരുന്നതും ഈ പദയാത്രയിലൂടെയാണ്. പ്രസ്ഥാനത്തിന്റെ വിവിധ തലങ്ങളിലുള്ള നേതൃത്വനിരകളുമായി ബന്ധവും സഹകരണവും ലഭ്യമായിരുന്നതും ഈ പദയാത്രയുടെ ക്രമീകരണങ്ങളിലൂടെയാണ്. ഈ പദയാത്ര നടത്തിപ്പിന് വന്ദ്യപിതാവിന്റെ സ്വർഗീയ മാദ്ധ്യസ്ഥ്യം വഴി ലഭിച്ച അളവില്ലാത്ത അനുഗ്രഹങ്ങൾ പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തേയും പ്രവർത്തകരേയും ഏറെ ശക്തിപ്പെടുത്തിയിരുന്നു എന്നതും ഞാൻ അംഗീകരിക്കുന്ന സത്യമാണ്.



# സാക്ഷ്യം കാൽനടയായി...

**ഫാ. ജോൺ തുണ്ടിയത്ത്**
എം.സി.വൈ.എം.
മേജർ അതിരൂപത മുൻ ഡയറക്ടർ

മലങ്കര കത്തോലിക്കാ സഭ യുവജനപ്രസ്ഥാനത്തിന്റെ വിവിധങ്ങളായ കർമ്മപദ്ധതികളിൽ ഏറ്റം ശ്രദ്ധയാകർഷിക്കുന്നതും ആത്മീയത നിറഞ്ഞതും പൊതുജനപങ്കാളിത്തം ലഭിക്കുന്നതുമായ ഒന്നാണല്ലോ ജൂലൈ മാസം 10 മുതൽ നടത്തപ്പെടുന്ന തീർത്ഥാടനപദയാത്ര. മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്ക് പെരുന്നാട്ടിൽ നിന്നും ആരംഭിച്ച് 5 ദിവസങ്ങൾ നിണ്ടുനിൽക്കുന്ന ഈ യാത്ര വളരെ ചുരുങ്ങിയ ആളുകളാൽ ആരംഭിച്ച് ഇന്ന് ആയിരങ്ങളുടെ സാന്നിദ്ധ്യത്തിൽ തലസ്ഥാനനഗരിയിലേക്കുള്ള ഒരു ഒഴുക്കായി മാറിയിരിക്കുന്നു. ആരംഭം മുതൽ ഇന്നുവരേയും എംസിവൈഎം അതിനു നേതൃത്വം നൽകുകയും അതിനെ നയിക്കുകയും ചെയ്യുന്നു എന്നത് അഭിമാനത്തോടെ കാണുന്നു. ഇതിന് ആരംഭം കുറിക്കാൻ ദൗത്യം കാണിച്ച് ബഹു. ഡൊമിനിക്ക് സഖറിയാസ് അച്ചനേയും 25 ഓളം യുവജനസുഹൃത്തുക്കളേയും എത്ര അഭിനന്ദിച്ചാലും മതിയാകില്ല എന്ന് തിരിച്ചറിയുന്നു.

1992–ൽ എം.സി.വൈ.എം. തിരുവനന്തപുരം അതിരൂപതയുടെ അസിസ്റ്റന്റ് ഡയറക്ടറായി ശുശ്രൂഷ ചെയ്ത അന്നു മുതൽ ഈ പദയാത്രയിൽ നേരിട്ട് പങ്കെടുക്കാനും ഈ കുറിപ്പ് എഴുതുന്ന വ്യക്തിക്ക് കഴിഞ്ഞിരിക്കുന്നു. എങ്കിലും 1996 മുതൽ 2000 കാലഘട്ടം വരെ എം.സി.വൈ.എം. തിരുവനന്തപുരം അതിരൂപതാ ഡയറക്ടറായി ചുമതല വഹിച്ചിരുന്ന കാലഘട്ടത്തിൽ യുവജനങ്ങളുടെ പുറകിൽ നിന്നുകൊണ്ട് ഏറെ അച്ചടക്കത്തോടെ ദൈവീകത നിറഞ്ഞ അന്തരീക്ഷത്തിൽ ഈ പദയാത്രയ്ക്ക് ഒരുകൈത്താങ്ങാകുവാനും കഴിഞ്ഞു എന്നത് അഭിമാനത്തോടെ സ്മരിക്കുന്നു. ആ കാലഘട്ടത്തിലാണ് മിക്കവാറും എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും സമാന്തര പദയാത്രകൾക്ക് രൂപം നൽകുവാനും അവയെല്ലാം പ്രധാനപദയാത്രയോടു യോജിപ്പിച്ച് കൊണ്ടുപോകുവാനുള്ള ക്രമീകരണം നടന്നത്.

എല്ലാ വർഷവും സഭാപിതാക്കന്മാരുടെ കൈകളിൽ നിന്നും അനുഗ്രഹിച്ച് ആശീർവദിച്ച് നൽകപ്പെടുന്ന വള്ളിക്കുരിശ് എടുത്ത് അഭിമാനത്തോടെ കാഷായ വസ്ത്രം ധരിച്ച് തെരുവിലൂടെ നടക്കുമ്പോൾ ലഭിക്കുന്ന ആ ആത്മാഭിമാനം പറഞ്ഞറിയിക്കാൻ വയ്യാത്തതാണ്. നിലയ്ക്കൽ വനാന്തരങ്ങളിൽ നിന്നും ബഹു. ഫിലിപ്പോസ് നടമലയച്ചൻ വെട്ടിയെടുത്തുകൊണ്ടുവന്നിട്ടുള്ള വള്ളിക്കുരിശുകൾ പിടിച്ചുനടക്കുന്നത് എത്ര അഭിമാനമായിരുന്നു.




ഓരോ ദിവസവും വൈകുന്നേരങ്ങളിൽ പ്രധാനപട്ടണ കേന്ദ്രങ്ങളായ പത്തനം തിട്ട, അടൂർ, ആയൂർ തുടങ്ങിയ സ്ഥലങ്ങളിൽ വിവിധ കേന്ദ്രങ്ങളിൽ നിന്നുകൂടി എത്തി ച്ചേരുന്ന സമാന്തര പദയാത്രകളുമായി സംയോജിച്ചുകൊണ്ട് നടത്തപ്പെടുന്ന സമാ പനസന്ധ്യകൾ മനസ്സിൽ ഇന്നും നിറഞ്ഞുനിൽക്കുന്നു. വർഷങ്ങളായി ഒരു മുടക്കവും വരുത്താതെ ഈ പദയാത്രകളിൽ പങ്കെടുക്കുന്ന ജനം അനുഭവങ്ങളുടെ പങ്കുവയ്ക്കലു കൾ എല്ലാ ദിവസവും അത്താഴത്തിനുശേഷമുള്ള കൂടിവരവുകളായി മാറ്റുമ്പോൾ അതിനു വലിയ ആഴങ്ങൾ ഉണ്ടായിരുന്നു. ആ കാലഘട്ടത്തിൽ പ്രതിസന്ധികളും നേരി ട്ടിട്ടുണ്ട്. ചിലരെങ്കിലുമൊക്കെ പരിശുദ്ധമായ നിയോഗം കൂടാതെ ഇതിൽ പങ്കെടുക്കു മ്പോഴുണ്ടാകുന്ന ചില ആത്മീയ ചാഞ്ചല്യങ്ങൾ അനുഭവിക്കാനും കഴിഞ്ഞിട്ടുണ്ട്. കിളി മാനൂർ ഭാഗത്ത് എത്തുമ്പോൾ ഒരു ഉച്ചഭക്ഷണം ലഭിക്കുവാനോ, ലഭിച്ചാൽ തന്നെ കയറി യിരുന്ന് കഴിക്കുവാനോ പറ്റാത്ത സാഹചര്യങ്ങളും നേരിട്ടിട്ടുണ്ട്. തീർത്ഥാടകർ കടന്നു വന്നാൽ തുറക്കാത്ത ദൈവാലയ വാതിലുകളും മത്സരിച്ച് പലയിടങ്ങളിലും സ്വീകരണം നൽകപ്പെട്ടിട്ടുള്ളതും സ്മരണയിൽ ഉണ്ട്.

വമ്പിച്ച സാമ്പത്തിക പരാധീനതകൾ നേരിട്ടിട്ടുണ്ടെങ്കിലും ഒരുകാര്യം സാക്ഷ്യ മായി കുറിക്കാൻ കഴിയും. മാർ ഈവാനിയോസ് പിതാവിന്റെ നാമധേയത്തിൽ നടത്ത പ്പെടുന്ന ഈ പദയാത്രയ്ക്ക് ഒരുപാട് ആളുകൾ വളരെ ഔദാര്യത്തോടെ സഹകരിച്ചിരു ന്നു. ഒരു വ്യക്തിപോലും ഇതിനെവിമർശിച്ചു കണ്ടിട്ടില്ലായെന്നുപറയുന്നതും സന്തോഷ മേയുള്ളൂ. 1996 മുതൽ 2000 വരെ തുടർച്ചയായി ഒരു ബുദ്ധിമുട്ടും കൂടാതെ പെരുന്നാടു മുതൽ തിരുവനന്തപുരം വരെ കാൽനടയായി പോകുന്നതിനും സർവ്വശക്തനായ ദൈവം മാർ ഈവാനിയോസ് പിതാവിന്റെ മദ്ധ്യസ്ഥതയിൽ നൽകിയ അനുഗ്രഹം വളരെ നന്ദിയോടെ ഓർക്കുന്നു. അതിനു ശേഷമാണെങ്കിൽ നാട്ടിലുള്ള കാലങ്ങളിൽ ഒരുദിവസമെങ്കിലും ഈ പദയാത്രയിൽ പങ്കാളിയാകാൻ ശ്രദ്ധിച്ചിരുന്നു എന്നതും സന്തോഷത്തോടെ അനുസ്മരിക്കുന്നു.

എല്ലാ വർഷവും ജൂലൈ 10 എന്നത് എം.സി.വൈ.എം. സുഹൃത്തുക്കളെ സംബ ന്ധിച്ചിടത്തോളം ആവേശത്തോടെ കാത്തിരിക്കുന്ന ഒരു സുദിനമാണ്. 2013 മുതൽ റാന്നി-പെരുന്നാട് വൈദിക ജില്ലയുടെ ചുമതലക്കാരൻ എന്ന നിലയിൽ ഈ ജില്ല ഏറെ ആവേശത്തോടെ ഇതിന് നേതൃത്വം നൽകുന്നത് കാണുവാനും വൈദീക പിതാക്കന്മാ രുടെ കൂട്ടായ പ്രോത്സാഹനം ഈ കാര്യത്തിൽ നല്കുവാനും ഞങ്ങൾക്ക് കഴിയുന്നു എന്നതും സന്തോഷം തരുന്ന വസ്തുതയാണ്.





# സഭയോടു ചേർന്നു നിൽക്കുവാൻ പഠിപ്പിച്ച പദയാത്രകൾ

**ഫാ. ബോവാസ് മാത്യു**
എം.സി.വൈ.എം.
മേജർ അതിരൂപത മുൻ ഡയറക്ടർ


മാർ ഈവാനിയോസ് തിരുമേനിയുടെ കബറിടത്തിലേക്കുള്ള പദയാത്രകളെ കുറിച്ച് അനുസ്മരിക്കുമ്പോൾ ഏകദേശം 25 വർഷങ്ങൾ പിന്നോട്ട് പോകുവാൻ കഴിയും. ഒരു വിദ്യാർത്ഥിയായിരുന്ന കാലം തൊട്ട് മാതൃ ഇടവകയായ കിഴക്കേത്തെരുവിൽ എത്തിച്ചേരുന്ന പദയാത്രയെ സ്വീകരിക്കുന്ന നിമിഷം നല്ലോർമ്മയുണ്ട്. അന്ന് പെരുന്നാട്ടിൽ നിന്നുള്ള പദയാത്ര 6 ദിവസമായിരുന്നു. മൂന്നാം ദിവസം താമസിക്കുന്നത് കിഴക്കേത്തെരുവിലായിരുന്നു. അന്ന് അവിടെ വികാരിയായിരുന്ന ബഹുമാനപ്പെട്ട ഡൊമിനിക് സഖറിയാസ് അച്ചൻ തീർത്ഥാടകരെ സ്വാഗതം ചെയ്തു കൊണ്ടും, ആമുഖമായും നടത്തിയിട്ടുള്ള പ്രസംഗങ്ങൾ ഉള്ളിൽ തെളിച്ച തിരി ഇന്നും കെടാതെ നിൽക്കുന്നു. ഹൈസ്കൂൾ പഠനം കഴിഞ്ഞ വർഷം മുതൽതന്നെ പെരുന്നാട്ടിൽ നിന്നുമുള്ള പദയാത്രക്ക് പോകുവാൻ വീട്ടിൽ നിന്നും അനുവാദം ലഭിച്ചു. തുടർന്ന് ഡിഗ്രി പഠനം കഴിയുന്നതു വരെയും തുടർച്ചയായി അഞ്ചു വർഷക്കാലം പദയാത്രക്കു പോയി. ബഹുമാനപ്പെട്ട ജോസ് ചാമക്കാലയിൽ അച്ചനും, ബഹുമാനപ്പെട്ട ഗീവർഗ്ഗീസ് നെടിയത്ത് അച്ചനും ആ കാലഘട്ടങ്ങളിൽ അതിരൂപതാ ഡയറക്ടർമാരായിരുന്നു. തികച്ചും എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ സജീവമായ കർമ്മ പരിപാടികളിൽ ഒന്നായിരുന്നു പദയാത്ര. ഒടുവിൽ എം.സി.വൈ.എം കൊട്ടാരക്കര വൈദിക ജില്ലാ പ്രസിഡന്റായിരിക്കുമ്പോഴാണ് പദയാത്രയിൽ ആദ്യവസാനം പങ്കെടുത്തത്. പിന്നീട് സെമിനാരിയിലെ 9 വർഷക്കാലം അരുവിയോട് നിന്നും കബറിടം വരെ. വൈദികനായ ശേഷം എം.സി.വൈ.എം കാട്ടാക്കട വൈദിക ജില്ലാ ഡയറക്ടർ എന്ന നിലയിൽ കാട്ടാക്കട നിന്നും കബറിടം വരെ പദയാത്രക്കു നേതൃത്വം നൽകി. പിന്നീട് അതിരൂപതാ ഡയറക്ടർ എന്ന നിലയിൽ ഒരു വർഷം പെരുന്നാട്ടിൽ നിന്നുമുള്ള പദയാത്രക്ക് നേതൃത്വം നൽകി. കഴിഞ്ഞ വർഷങ്ങളിൽ പ്രധാനപദയാത്രയിൽ രണ്ടും മൂന്നും ദിവസങ്ങൾ വീതം പങ്കെടുത്തു. ഇപ്പോൾ കഴക്കൂട്ടം വൈദിക ജില്ലാ ഡയറക്ടർ എന്ന നിലയിൽ പദയാത്രക്ക് നേതൃത്വം നൽകുന്നു.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിടത്തിലേക്കുള്ള തീർത്ഥാടനപദയാത്ര ഒരു കാലഘട്ടത്തിൽ ഒരു യുവജനമുന്നേറ്റവും അവരുടെ കർമ്മ പരിപാടികൾക്ക് ഊർജ്ജം പകരുന്ന അനുഗ്രഹ സ്രോതസ്സുമായിരുന്നു. എന്നാൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ ഈ പദയാത്ര വിശ്വാസികളുടെ മുന്നേറ്റമായി മാറിയിരിക്കുന്നു. അതിന്റെ പ്രധാനകാരണം നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറോൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി ബാവാതിരുമേനി തന്നെ തീർത്ഥാടകരിലൊരാളായി ആദ്യവസാനം പദയാത്രയിൽ പങ്കെടുക്കുവാൻ തുടങ്ങിയപ്പോൾ നമ്മുടെ നൂറുകണക്കിന് വിശ്വാസികൾ ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി ഇതിൽ അണിചേർന്നു. എല്ലാ സ്ഥലങ്ങളിലും അഭിവന്ദ്യ പിതാക്കന്മാർ ആളുകളോടൊത്ത് പല സ്ഥലങ്ങളിൽ ഈ പദയാത്ര




യിൽ പങ്കുചേരുന്നു. ഇതിൽ പങ്കെടുക്കുന്ന വൈദികരുടെയും സന്യസ്തരുടേയും എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിരിക്കുന്നു.

ഓരോ പദയാത്രയും നമുക്ക് നൽകുന്ന ആത്മീയ അനുഭവം ഏറെ പ്രത്യേകതകൾ ഉള്ളതാണ്. ബഥനിയിൽ നിന്നും പുണ്യ പിതാവ് നടത്തിയ മലയിറക്കത്തിന്റെ അനുഭവങ്ങളിലേക്കു നമ്മെ കൊണ്ടുപോകുന്നു. പെരുന്നാടും, തങ്കശ്ശേരി അരമനചാപ്പലും, തിരുമൂലപുരവും ഓരോ വർഷവും തീർത്ഥാടകരുടെ മനസ്സിലേക്ക് സാന്നിദ്ധ്യമായി പ്രവേശിക്കുന്നു. കടന്നു വരുന്ന ഓരോ മണൽത്തരിയും പിതാവിന്റെ പാദസ്പർശത്താൽ പുണ്യമാക്കപ്പെട്ട സ്ഥലങ്ങളാണ്. പിതാവ് ഏറ്റുവാങ്ങിയതും തലമുറകളിലേക്ക് കൈമാറ്റം



**ഫാ. തോമസ് കയ്യാലയ്ക്കൽ**
എം.സി.വൈ.എം.
സഭാതല സമിതി ഡയറക്ടർ

# തീർത്ഥാടനപദയാത്ര – സഭയുടെ അത്മീയമുന്നേറ്റം



മലങ്കരയുടെ പുണ്യപിതാവും ക്രാന്തദർശിയുമായ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 63-ാം ഓർമ്മത്തിരുന്നാളിനോടനുബന്ധിച്ച നടത്തപ്പെടുന്ന 39-ാമത്തെ തീർത്ഥാടന പദയാത്രയാണ് ഈ വർഷം സംഘടിപ്പിക്കപ്പെടുന്നത്. 1978 ൽ ബഹുമാനപ്പെട്ട ഡൊമനിക് സഖറിയാസ് അച്ചന്റെയും കുറച്ച് യുവജനങ്ങളുടെയും നേതൃത്വത്തിൽ റാന്നി-പെരുനാട് മുണ്ടൻമലയിൽ നിന്നും അനന്തപുരിയിൽ അഭിവന്ദ്യപിതാവിന്റെ കബറിങ്കലേക്ക് നിലയ്ക്കൽ വനത്തിൽ നിന്നും വെട്ടിയെടുത്ത വള്ളിക്കുരിശ്ശുമേന്തി ആരംഭിച്ചതീർത്ഥാടനപദയാത്ര ഇന്ന് സഭയുടെ പൊതുവായ തീർത്ഥാടനമായി വളർന്നിരിക്കുന്നു. റാന്നി-പെരുനാട്ടിൽ നിന്നും ആരംഭിക്കുന്ന പദയാത്ര മുപ്പത്തിയൊന്ന് ദൈവാലയങ്ങളിൽ പ്രവേശിച്ച് പ്രാർത്ഥിച്ച് നൂറ്റി നാല്പതിലധികം കിലോമീറ്റർ പിന്നിട്ട് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ എത്തിച്ചേരുമ്പോൾ ആയിരക്കണക്കിന് വിശ്വാസികളാണ് തീർത്ഥാടകരായി ഇതിൽ പങ്കുചേരുന്നത്. വളരെ കുറച്ചുപേരുടെ ത്യാഗത്തിലും ആത്മസമർപ്പണത്തിലും മുപ്പത്തി എട്ട് വർഷം മുമ്പ് ആരംഭിച്ച ഈ തീർത്ഥാടനയാത്ര ഇന്ന് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവൻ പ്രാർത്ഥിച്ച് ആരംഭിച്ച്, അനുധാവനം ചെയ്യുന്ന രീതിയിലേക്ക് വളർന്നിരിക്കുന്നു. ഇന്ന് മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നും വിശ്വാസികൾ തീർത്ഥാടനപദയാത്രയിൽ പങ്കുചേരുന്നു.

തീർത്ഥാടനപദയാത്രയുടെ ആരംഭകാലം മുതൽ സഭയിലെ യുവജനപ്രസ്ഥാനം (എംസിവൈഎം) ആണ് ഇതിന് നേതൃത്വം നൽകുന്നത്. എംസിവൈഎം ന്റെ ഡയറക്ടർ എന്ന നിലയിൽ കഴിഞ്ഞ പത്ത് വർഷമായി യുവജനങ്ങളോടൊപ്പം പദയാത്രക്ക് നേതൃത്വം നൽകാൻ കഴിയുന്നു എന്നത് വ്യക്തിപരമായി എന്റെ ജീവിതത്തിൽ ലഭിച്ച വലിയ അനുഗ്രഹമായി കാണുന്നു. അതുകൊണ്ട് തന്നെ പദയാത്രയുടെ വളർച്ച ഏറ്റവും അടുത്ത് നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു. ഓരോ വർഷം കഴിയും തോറും പദയാത്രികരുടെ എണ്ണം വർദ്ധിക്കുന്നു. പദയാത്രയിൽ പങ്കെടുത്ത് അഭിവന്ദ്യപിതാവിന്റെ കബറിൽ വന്ന് പ്രാർത്ഥിക്കുന്നവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളും അത്ഭുതങ്ങളും വർദ്ധിക്കുന്നു. ഇന്ന് ഇടവകകളുടെയും, വൈദികജില്ലയുടെയും, ഭദ്രാസനങ്ങളുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെടുന്ന പദയാത്രയിൽ ആയിരങ്ങൾ പങ്കെടുക്കുന്നു. തീർത്ഥാടനപദയാത്ര മുപ്പത്തി എട്ട് വർഷം പിന്നിട്ട് കഴിഞ്ഞപ്പോൾ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വലിയ ആത്മീയ മുന്നേറ്റമായി മാറിയിരിക്കുന്നു.



*അഭി. കാതോലിക്കാ ബാവാ തിരുമനസിൽ നിന്നും വള്ളിക്കുരിശ് എറ്റുവാങ്ങുന്ന മുൻ പത്തനംതിട്ട രൂപതാ പ്രസിഡന്റ് ശ്രീ. ഷിജോ വി. വർഗീസ് ആണ് ലേഖകൻ*

# വിശ്വസ്തനായ ഭൃത്യൻ

ചാറിത്തുടങ്ങിയ മഴ പതിയെ കനക്കുകയായിരുന്നു. കുപ്പിച്ചില്ലിനു സമാനം വെള്ളത്തുള്ളികൾ ആഞ്ഞാഞ്ഞു മുഖത്തു പതിക്കുമ്പോഴും നനഞ്ഞൊട്ടിയ കാഷായ വസ്ത്രത്തിൽ ഞാൻ പരമാനന്ദത്തിന്റെ നിർവൃതിയിലായിരുന്നു. മുണ്ടൻമലയിൽ നിന്ന് പട്ടത്തേക്കുള്ള യാത്ര വഴിയോരത്തു നിന്നു കണ്ടിരുന്ന ഞാൻ എപ്പൊഴോ അതിന്റെ ഭാഗമായി. പതിയെ കുരിശുവഹിക്കുന്നവനായി. വള്ളിക്കുരിശിലെ എഴുന്നു നിന്ന മുള്ളുകൾ തോളിലുരസുമ്പോൾ ഇരുമ്പാണിയിൽ ശിരസ്സും മുഖവും മുറിഞ്ഞ മുപ്പത്തിമൂന്നുകാരന്റെ വേദന, കണ്ണീരായി മഴവെള്ളത്തിലൊലിച്ചിറങ്ങുന്നത് മറ്റാരും കണ്ടില്ല. ഗൾഫിൽ നിന്ന് പദയാത്രയ്ക്കായി മാത്രം ലീവെടുത്തു വരുന്ന സുഹൃത്തും, ഒന്നരവയസ്സുകാരൻ മകനെയുമായി ആദ്യവസാനം പദയാത്രയിൽ സംബന്ധിക്കുന്ന കുടുംബവും, ഒരാഴ്ചക്കാലം പള്ളിക്കൂടത്തിനും പാഠപുസ്തങ്ങൾക്കും ബൈ പറഞ്ഞുവന്ന കുട്ടിക്കൂട്ടങ്ങളും അല്പവിശ്വാസിയായ എന്നിലേൽപ്പിച്ച ആഘാതം വളരെ വലുതായിരുന്നു.

അത്ഭുതമാണ് മാർ ഈവാനിയോസ് പിതാവ്. ഇടിമുഴക്കം പോലുള്ള ചോദ്യങ്ങൾക്കും ഉഴുതുമറിക്കുന്ന മൗനങ്ങൾക്കും അശാന്തമായ അന്വേഷണത്തിനും തന്നെത്തന്നെ വിട്ടുകൊടുത്ത മഹായോഗി. സന്യാസത്തിന്റെ പൊരുളറിഞ്ഞ ആ കാഷായ വസ്ത്രധാരി മലയിറങ്ങിയത് ആത്മീയതയുടെ ഔന്നത്യത്തിലെത്താനായിരുന്നുവെന്ന ചിന്ത പെരുമഴയിലും എന്നെ ചൂടുപിടിപ്പിച്ചു. ദുരിതപർവ്വങ്ങൾക്കു മുന്നിൽ പകച്ചുനില്ക്കുന്ന ആയിരങ്ങൾ പുതിയ ഭൂമിയും പുതിയ ആകാശവും കണ്ടെത്താൻ കാൽനടയായി പിതാവിന്റെ കബറിങ്കലെത്തുന്നു. പിതാവിന്റെ മധ്യസ്ഥതയിൽ നേടിയെടുത്ത വലിയ സന്തോഷങ്ങൾക്ക് നന്ദി പറയുന്നതിന്, കൊച്ചു കൊച്ചു ദുഃഖങ്ങളുമായി പുതിയ നിയോഗങ്ങളുമായി ഞാനും.

ഓരോ യാത്രയും ഓരോ അന്വേഷണമാണ്. അത് നല്കുന്ന ആന്തരികസന്തോഷം അനുഭവിച്ചറിയേണ്ടതും. സഹയാത്രികരാകാൻ ഏവരേയും ക്ഷണിക്കുന്നു. ○


# പദയാത്ര ഒരു ഓാർമ്മക്കുറിപ്പ്

"ലോകത്തിൽ ജീവിച്ചിട്ടുള്ള മഹനീയ വ്യക്തികളുടെ ചരിത്രമാണ് ലോകത്തിന്റെ ചരിത്ര" മെന്ന് ആംഗലേയ സാഹിത്യകാരനായ തോമസ് കാർലൈലിന്റെ മഹത് വചനം മലങ്കര സഭയെ സംബന്ധിച്ചിടത്തോളം അന്വർത്ഥമാണ്. മലങ്കര സഭയുടെ ചരിത്രമെന്നുള്ളത് ഭാരത ന്യൂമാൻ എന്നറിയപ്പെടുന്ന മാർ ഈവാനിയോസ് പിതാവിന്റെ ചരിത്രമാണ്. മാനുഷികദൃഷ്ടിയിൽ യാദൃച്ഛികമെന്നുതോന്നുന്നത് ദൈവത്തിന്റെ പ്രത്യേക പരിപാലനയിൽ പരിപാലിക്കപ്പെടുന്നതും, സർവ്വജ്ഞാനിയായ ദൈവത്തിന്റെ അദൃശ്യകരങ്ങൾ അതിന്റെ പിന്നിൽ പ്രവർത്തിച്ചിരിക്കുന്നതും നമുക്ക് പിന്നീട് മനസ്സിലാകും. ഇന്ന് ഇവിടെ നിന്നും തിരിഞ്ഞുനോക്കുമ്പോൾ മനസ്സിലാകുന്നത് 78-ൽ പദയാത്ര തുടങ്ങുന്നത് വെറും യാദൃച്ഛീകമായോ, വെറുതെയോ തുടങ്ങിയതല്ല. പ്രത്യുത ദൈവത്തിന്റെ വ്യക്തമായ പ്ലാനും പദ്ധതിയുമനുസരിച്ച് കൃത്യമായി തുടങ്ങിയതാണെന്ന്.

എന്റെ ഓർമ്മയിൽ ഇന്നും പച്ച പിടിച്ചുനിൽക്കുന്നത് 79-ലെ പദയാത്രയാണ്. കാരണം 78-ൽ പങ്കെടുത്തത് ഒരു കൗതുകത്തിനായിരുന്നെങ്കിൽ 79-ലെ ആത്മാർത്ഥമായിട്ടും, പ്രാർത്ഥനയോടും കൂടിയായിരുന്നു. ആ പരിപാവനമായ കബറിടത്തിലേക്ക് ചെന്ന് പ്രാർത്ഥിക്കുവാൻ ജൂലൈ 8-ാം തീയതി 10 മണിക്ക് മുണ്ടൻ മലയിൽ നിന്നും പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ ആശീർവാദത്തോടുകൂടി ഇറങ്ങി വടശ്ശേരിക്കര, മണ്ണാറക്കുളഞ്ഞി വഴി മൈലപ്രായിലെത്തുകയും അവിടെ നിന്നും രണ്ടായി പ്പിരിഞ്ഞ് ഒരുസംഘം പത്തനംതിട്ട, അടൂർ വഴി ആയൂരിലെത്തുകയും, കുമ്പഴ, കോന്നി, അഞ്ചൽ വഴി ആയൂരിലെത്തിയ സംഘത്തോട് ചേർന്ന് 14-ാം തീയതി കബറിങ്കൽ എത്തിച്ചേരുകയും ചെയ്തു. ഇന്നും ആ റൂട്ട് പോലും ഓർമ്മയിൽ തങ്ങി നിൽക്കുന്നു.

ഇതിൽ എന്നെ ഏറ്റവും ആകർഷിച്ച ഘടകം ഓരോ സ്ഥലത്തു ചെല്ലുമ്പോഴും, പിതാവിനെക്കുറിച്ചുള്ള അനുഭവങ്ങൾ പങ്കുവയ്ക്കുകയും പിതാവിന്റെ പ്രാർത്ഥനയിൽ നടന്നിട്ടുള്ള അത്ഭുതങ്ങളുടെ സാക്ഷ്യവുമായിരുന്നു. പിതാവിനെകണ്ടിട്ടില്ലാത്തവർക്ക് പിതാവിനെമനസ്സിലാക്കാൻ കിട്ടിയ അസുലഭ സന്ദർഭങ്ങൾ. അതെല്ലാം കേൾക്കുമ്പോൾ, തന്റെ പ്രവർത്തികൾ വഴി ബോധപൂർവ്വം ദൈവീകപദ്ധതിയിൽ പ്രവേശിച്ച ഒരു പിതാവിനെയാണ് കണ്ടുമുട്ടുക. ആരംഭകാലത്തിൽ ഏറ്റിട്ടുള്ള അപഹാസ്യം, നിന്ദ, പരിഹാസം, കുറ്റപ്പെടുത്തൽ എല്ലാം സഹിച്ച് "നിങ്ങളുടെ അഭീഷ്ടമനുസരിച്ച് പറയാനും, പ്രവർത്തിക്കുവാനും, നിങ്ങളെ പ്രേരിപ്പിക്കുന്നത് ദൈവമാണെന്നു" പറയുകയും, വിശ്വസിക്കുകയും ചെയ്ത മഹാനായ ഒരു പിതാവ്.


ഇന്ന് ഒന്നു പിൻതിരിഞ്ഞു നോക്കുമ്പോൾ അത് ആവേശകരമായ ഒരനുഭവം തന്നെയായിരുന്നു. ഒന്നുവിലയിരുത്തുമ്പോൾ, അനേക സാക്ഷ്യങ്ങളുടെ ഒരു കൂമ്പാരത്തിന്റെ മുമ്പിൽ നിൽക്കുന്നതായി അനുഭവപ്പെടുന്നു. സത്യത്തിന്റെ അറിവിലൂടെ എല്ലാവരുടേയും രക്ഷ ആഗ്രഹിച്ച ആ പിതാവിനോടുള്ള ഭക്തിയും, ബഹുമാനവും വർദ്ധിക്കുന്നു. ഇതിന്റെ വളർച്ച അത്ഭുതകരമായ വേഗത്തിലായിരുന്നു. ഇതിൽ നിന്നും അനേകർ പ്രചോദനം ഉൾക്കൊള്ളുന്നു. അനേകർ രക്ഷയുടെ പാതയിലേക്ക് പ്രവേശിക്കുന്നു. അനേകർ പ്രേഷിതരാവുന്നു. അനേകർ ആശ്വാസവും, രോഗശാന്തികളും നേടുന്നു. ഇതെല്ലാം ദൈവീക പദ്ധതിയല്ലാതെ മറ്റെന്ത്?



**തോമസ് ജോർജ്,**
**മൈലപ്ര**
ആദ്യകാല പദയാത്രികൻ

*(ശേഷം പേജ് 24 ൽ)*





**കെ.ജി. ജോയി മൈലപ്ര**
എം.സി.വൈ.എം.
മേജർ അതിരൂപത മുൻ പ്രസിഡന്റ്



# തീർത്ഥാടന പദയാത്രയിലൂടെ ഈവാനിയൻ ദർശനത്തിലേക്ക്

"ഇനിമേൽ നിങ്ങൾ അന്യരോ പരദേശികളോ അല്ല; വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്" (എഫേ. 2:19). കത്തോലിക്കാ വിശ്വാസിയുടെ ദിനങ്ങൾ ഓരോന്ന് കടന്നുപോകുന്നത് വിശുദ്ധരെ അനുസ്മരിച്ചും അവരുടെ മദ്ധ്യസ്ഥ സഹായത്താലുമാണ്. ദിവ്യബലിയർപ്പിച്ചുകൊണ്ട് ക്രിസ്തുനാഥനോടൊപ്പം ജീവിതബലിയാരംഭിക്കുവാനുള്ള ഭാഗ്യവും മറ്റെങ്ങുമില്ല. യാമപ്രാർത്ഥനകൾക്കും നോമ്പുകാലങ്ങൾക്കും പുറമെ വണക്കമാസാചരണങ്ങളിലൂടെ വിശ്വാസിയെ വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമായി ക്രിസ്തുവിൽ സമന്വയിപ്പിക്കുന്നു. കത്തോലിക്കാ പുനരൈക്യം രക്ഷയ്ക്കുവേണ്ടിയല്ല, പ്രത്യുത രക്ഷയുടെ പരിപൂർണ്ണതയ്ക്കുവേണ്ടിയാണെന്ന് മാർ ഈവാനിയോസ് പിതാവ് മനസ്സിലാക്കി.'വിശുദ്ധ കത്തോലിക്കാ സഭയ്ക്ക് നീ സ്വയം വെളിപ്പെടുത്തിയതിനാലും അതിന്റെ മക്കളായി ഞങ്ങളെ അനുഗ്രഹിക്കുന്നതിനാലും നിനക്ക് സ്തോത്രമെന്ന്' പിതാവ് പ്രാർത്ഥിച്ചു.

വിശുദ്ധ തോമാശ്ലീഹായുടെ തിരുനാളിനോടൊപ്പം ജൂലൈ മാസത്തിൽ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മയാചരണവും ചേർന്നു വരുന്നതിനാൽ ഇത് മലങ്കര കത്തോലിക്കാ വിശ്വാസിക്ക് അനുഗ്രഹത്തിന്റെ മാസമാണ്. നോമ്പും ഉപവാസവും അനുഷ്ഠിച്ച് വിശ്വാസികൾ തീർത്ഥയാത്രയ്ക്കായി 1-ാം തീയതി മുതൽ ഒരുങ്ങുന്നു.

തീർത്ഥാടനപദയാത്രയുടെ നാലു പതിറ്റാണ്ടുകാലത്തെ ചരിത്രത്തിനിടയിൽ തുടക്കം മുതൽ ഇന്നു വരെ ഏതെങ്കിലും വിധത്തിൽ പങ്കുചേരാൻ എനിക്കു ഭാഗ്യം ലഭിച്ചിട്ടുണ്ട്. എം.സി.വൈ.എം. പ്രസിഡന്റ് എന്ന നിലയിൽ സംഘാടകനായും, പ്രചരണ വാഹനത്തിലൂടെയും യാത്രാപഥത്തിൽ സന്ദേശം പങ്കുവച്ചുമൊക്കെ ആ അനുഭവം നിറഞ്ഞു നിൽക്കുന്നു. രണ്ടു ദിവസംകൊണ്ട് കബറിങ്കലെത്തിചേരാവുന്നവിധം ആദ്യവർഷങ്ങളിൽ സംഘടിപ്പിച്ച സൈക്കിൾ യാത്രയിലും ഞാൻ പങ്കാളിയായി. പിതാവിന്റെ അനുഗ്രഹത്താൽ ലഭിച്ച നന്മകളാണ് ഇന്ന് ഞാൻ അനുഭവിക്കുന്നതെന്ന് സാക്ഷ്യപ്പെടുത്താനും എനിക്കു സാധിക്കും.

മാർ ഈവാനിയോസ് പിതാവിന്റെ വിശുദ്ധിയും മദ്ധ്യസ്ഥത ശക്തിയും സ്വർഗ്ഗ പ്രാപ്തി മുതൽ സഭാമക്കൾ തിരിച്ചറിഞ്ഞിരുന്നു. 1966–ൽ 13–ാം വാർഷികത്തിന് മൈലപ്രാ ഇടവകാംഗമായ സി.എം. പാപ്പിസാർ ഉൾപ്പെടെ 13 പേർ കബറിങ്കലേക്ക് തീർത്ഥാടനപദ യാത്ര നടത്തുകയുണ്ടായി. രജതജൂബിലി വർഷത്തിൽ എം.സി.വൈ.എം. ഡയറക്ടർ ഡൊമ നിക് സഖറിയ അച്ചൻ രൂപം കൊടുത്ത തീർത്ഥാടനപദയാത്രയാണ് ഇന്നത്തേത്. അതിന് സഭയും സംഘടനയും അച്ചനോട് കടപ്പെട്ടിരിക്കുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഐക്യദർശനവും ചൈതന്യവും പങ്കുവയ്ക്കപ്പെടണമെന്നും, അതിന് തീർത്ഥാ ടനപദയാത്ര സഹായിക്കുമെന്നും അച്ചൻ മനസ്സിലാക്കി. ആനുകാലികങ്ങളിലൂടെയും ലഘു ലേഖകളിലൂടെയും അച്ചൻ, തിരുമേനിയുടെ ദർശനങ്ങൾ അക്കാലത്ത് പ്രസിദ്ധീകരിച്ചുകൊ ണ്ടിരുന്നു. ജൂബിലി വർഷത്തിൽ പെരുന്നാട്ടിൽ നിന്ന് കബറിങ്കലേക്ക് നടക്കുവാൻ സന്നദ്ധത യുള്ള 25 പേരെ അച്ചൻ കണ്ടെത്തി. ഭാരത സന്യാസത്തിന്റെയും ബഥനിയുടേയും അടയാള മായ കാഷായ വസ്ത്രധാരികളായിരിക്കണം തീർത്ഥാടകരെന്ന് അച്ചൻ തീരുമാനിച്ചു. അച്ചൻ തന്നെ ആവശ്യമായ ഷാളുകൾ തയ്യാറാക്കി. തീർത്ഥാടകർ വഹിക്കുന്ന കുരിശിനുമുണ്ട് ഒരു സന്ദേശം. ക്രൈസ്തവ വിശ്വാസത്തിന്റെ പാരമ്പര്യം നിലയ്ക്കലുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതിന്റെ സൂചനയായി പീലിപ്പോസ് നടമല അച്ചൻ വനത്തിൽനിന്നും വെട്ടിയെടുത്ത കമ്പുകൾ കൊണ്ട് വള്ളിക്കുരിശ് തയ്യാറാക്കി. (ആ പാരമ്പര്യം ഇന്നും തുടരുന്നു) 1978 ജൂലൈ 8–ാം തീയതി ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി പെരുന്നാട് കുരിശുമല ദേവാലയത്തിൽ ഒന്നിച്ചുകൂടി. 9–ാം തീയതി രാവിലെ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ് വിശുദ്ധ കുർബ്ബാനഅർപ്പിച്ചു. ആശീർവദിച്ച ഷാളുകൾ തീർത്ഥാടകർക്കു നൽകി. തീർത്ഥാട കർ കുരിശിനു പിന്നിൽ അണിനിരന്നതോടുകൂടി വടവൃക്ഷമായി തീരാനുള്ള കടകുമണി യായി തീർത്ഥാടനപദയാത്രയ്ക്ക് തുടക്കം കുറിച്ചു. ഇടവക സമൂഹം ഒന്നാകെ തീർത്ഥാ ടകരോടൊപ്പം അടുത്ത ദേവാലയം വരെ അനുഗമിച്ചു തുടങ്ങി. തീർത്ഥാടക ചൈതന്യത്തി നുനിരക്കാത്ത മനോഭാവങ്ങളേയും പ്രവർത്തികളേയും സ്വർഗ്ഗത്തിന്റെ അത്ഭുകരമായ ഇട പെടൽ വഴി തിരുത്തുന്ന അനുഭവങ്ങളുണ്ടായി. ഈവാനിയോസ് പിതാവിന്റെ മദ്ധ്യസ്ഥശ ക്തി വെളിപ്പെടുത്തുന്ന അനുഭവങ്ങൾ ആദ്യപദയാത്രയിൽ തന്നെ നിരവധിയുണ്ടായി. കേട്ടറി ഞ്ഞവർ പിന്നീടുള്ള വർഷങ്ങളിൽ തീർത്ഥയാത്രയിൽ പങ്കെടുക്കുവാൻ തുടങ്ങി. അത് തൊട്ട റിവായി മാറി. തീർത്ഥാടകരുടെ സംഖ്യ വർദ്ധിച്ചു. രൂപതകളിൽ നിന്നു മാത്രമല്ല ബാഹ്യകേര ളത്തിൽ നിന്നും തീർത്ഥാടക സമൂഹങ്ങൾ കബറിലെത്താൻ തുടങ്ങി. താമസ, ഭക്ഷണ സൗകര്യങ്ങൾ ഒരുക്കുന്നത് ആർക്കും ഭാരമായി അനുഭവപ്പെടുന്നില്ല. യുവജനസംഘ ടനനേതൃത്വം നൽകുന്ന സംഘാടകരീതിയെപ്പറ്റി ഇടക്കാലത്ത് വ്യത്യസ്ത അഭിപ്രായങ്ങൾ ഉടലെടുത്തു. സ്വീകരണങ്ങൾ മാത്രമല്ല തിരസ്കരണ അനുഭവങ്ങളുമുണ്ടായി. അത്തരം ചിന്താഗതികൾ അപ്രസക്തമാണെന്ന് പിൽക്കാല അനുഭവങ്ങൾ സാക്ഷിക്കുന്നു. പരാധീ നതകളെയും പരിമിതികളെയും അതിജീവിച്ച് ഇന്നത്തെ അവസ്ഥയിൽ തീർത്ഥാടനപദ യാത്ര എത്തിയതിൽ കാലാകാലങ്ങളിലുള്ള എം.സി.വൈ.എം. നേതൃത്വം വഹിച്ച പങ്ക് ഒരി ക്കലും വിസ്മരിക്കാൻ സാധിക്കുകയില്ല.

മാർ ഈവാനിയോസ് പിതാവിന്റെ ദൈവിക ദർശനവും ജീവിത വിശുദ്ധിയും സ്വന്ത മാക്കാൻ സഭാമക്കളെ ഇത്രയോളം സഹായിച്ച മറ്റൊരു പ്രവർത്തനമില്ല. നാമകരണ നടപ ടികൾക്ക് വേഗത കൈവന്നതും, പിതാവിന്റെ സഭൈക്യദർശനവും ബഥനിയുടെ ചൈത ന്യവും ഇതര വിഭാഗങ്ങൾ മനസ്സിലാക്കിയതും തീർത്ഥാടനപദയാത്രയിലൂടെയാണ്. സഭയൊ ന്നാകെ പിതാവിന്റെ വിശുദ്ധി പഠനവിഷയമാക്കിക്കൊണ്ടിരിക്കുന്നു. എത്രയും വേഗം വിശുദ്ധപദ പ്രഖ്യാപനമുണ്ടാകാനായി നമുക്ക് പ്രാർത്ഥനയിൽ ഒന്നിക്കാം.

---

*(പേജ് 22 ൽ നിന്നും തുടർച്ച)*

എനിക്ക് ഈ പിതാവ് അന്നും ഇന്നും വിശുദ്ധനാണ്. ആത്മാവിനാൽ നിർബ്ബന്ധിതനായി അദ്ദേഹം സഞ്ചരിച്ച പാതയിലൂടെ, ദാരിദ്ര്യത്തിന്റേയും അനുസര ണത്തിന്റേയും സേവനത്തിന്റേയും മരണം വരെയുള്ള ആത്മസമർപ്പണത്തിന്റേയും പാതയിലൂടെ അനേകായിരങ്ങൾ കടന്നു വരട്ടേയെന്ന് പ്രാർത്ഥിക്കുന്നു.

# ആത്മീയ വഴിത്താരകൾ

ജറുശലേമിൽ നിന്ന് എമ്മാവൂസിലേക്കുള്ള ക്രിസ്തുശിഷ്യ ന്മാരുടെ യാത്ര ഉത്ഥിതനായ കർത്താവിനെകണ്ടുമുട്ടുന്നതുവരെ ഒരു സാധാരണ സംഭവം മാത്രമായിരുന്നു. ദുഃഖവും നിരാശയും അനിശ്ചിതത്വവും ഇരുൾവീഴ്ത്തിയ മുഖങ്ങളിൽ പ്രത്യാശയുടെ പുതുവെളിച്ചം നിറഞ്ഞ് ആ യാത്ര ഒടുവിൽ ഒരു തീർത്ഥയാത്ര യായി പരിണമിച്ചു. ദൈവത്തെ കണ്ടുമുട്ടാൻ ഉതകുന്ന എല്ലായാ ത്രയും തീർത്ഥയാത്രയാണ്. ആരെ ലക്ഷ്യമാക്കി യാത്രതിരിക്കു ന്നുവോ ആ ദിവ്യതേജസ് വിവിധ ഇടങ്ങളിൽ നാം അറിയാതെ ഒപ്പം ചേരുന്നു എന്നത് തീർത്ഥാടനത്തിന്റെ സവിശേഷതയും.

മലങ്കര പുനരൈക്യശില്പി ദൈവദാസൻ മാർ ഈവാനി യോസ് പിതാവിന്റെ കബറിങ്കലേക്ക് സഭാമക്കൾ നടത്തുന്ന യാത്ര എല്ലാ അർത്ഥത്തിലും ശ്രേഷ്ഠമായ ഒരു തീർത്ഥാടനമാ ണ്. സഭാംഗങ്ങൾ, പ്രത്യേകിച്ച് യുവജനങ്ങൾ തീഷ്ണതയോ ടെയും സമർപ്പണത്തോടെയും അനുഷ്ഠിക്കുന്ന പുണ്യകർമ്മമാ ണത്.

മനസ്സിൽ ദൈവീക ചിന്തയും ചുണ്ടിൽ ശരണമന്ത്രങ്ങളും പേറിയെത്തുന്ന ഭക്തലക്ഷങ്ങളുടെ സഞ്ചാരപഥമാണ് റാന്നി-പെരുന്നാടിന്റെ ഹൃദയഭൂമി. ആത്മീയ ചൈതന്യം പ്രസരിക്കുന്ന വീഥിയിലൂടെ നിറംകൊണ്ട് മണ്ണിനോട് താദാത്മ്യപ്പെടുന്ന കാഷായ വേഷത്തിൽ നനവും കുളിരും ചൂടും മഴയും ഏറ്റുള്ള യാത്ര. ഉറച്ചബോദ്ധ്യത്തോടെ വ്യക്തമായ ലക്ഷ്യത്തിലേക്ക് നയി ക്കപ്പെടുന്ന പദയാത്രികരുടെ തെളിമയാർന്ന ചിത്രമാണ് ജൂലൈ ആദ്യപകുതിയിൽ ചെറുതും വലുതുമായ നിരത്തുകളിൽ നമുക്ക് കാണാനാവുക.

യുവത്വത്തിന്റെ ആവേശവും പ്രസരിപ്പുമൊക്കെ സാധാരണ യായി കാണപ്പെടുക അർത്ഥമില്ലാത്തതും അനാവശ്യവുമായ കാര്യങ്ങളിലാണെന്നതാണ് മുതിർന്നവരുടെ മുഖ്യപരാതി. ലക്ഷ്യമില്ലാത്തതും ഉത്തരവാദിത്വബോധം പ്രകടമാകാത്തതു മായ ജീവിതങ്ങളാണത്രെ അവരുടേത്. എന്നാൽ, അടിപൊളി പ്രകൃതവും വേഷഭൂഷാധികളുമെല്ലാം ഉപേക്ഷിച്ച് പ്രാർത്ഥനാ നിർഭരമായ അന്തരീക്ഷത്തിലേക്ക് അവർ വഴി മാറുന്നു എന്ന താണ് പദയാത്രാ ദിനങ്ങളിലെ ചിത്രം. യുവജനങ്ങളുടെ ചെയ്തികളെക്കുറിച്ച് പരിതപിക്കുന്നവരും, പരിഭവിക്കുന്നവരും ആത്മീയതയുടേയും ത്യാഗത്തിന്റേയും വഴി അവർ തിരഞ്ഞെടു ക്കുന്നതിൽ ആശ്വാസം കൊള്ളുന്നു. 'മാർ ഈവാനിയോസ് പിതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ...' എന്ന പ്രാർത്ഥനാ മന്ത്രം ഉരുവിട്ട് നീങ്ങുന്ന യുവജനസഞ്ചയം ഈ കാലഘട്ടത്തിൽ വേറിട്ട കാഴ്ചതന്നെ.

ഒരിറക്കമാണ് പ്രധാന പദയാത്രയുടെ തുടക്കം. ഉയരങ്ങ ളിൽ നിന്ന് താഴേക്കുള്ള ഇറക്കം. മുണ്ടൻമലയിൽ നിന്നും പിതാ വിന്റെ കാൽപ്പാടുകളെ പിൻചെന്ന് നാം ഇറങ്ങുമ്പോൾ സുഖ

**തോമസ് തുണ്ടിയത്ത്**



ലോലുപതയുടേയും അഹങ്കാരത്തിന്റേയും ഉയരങ്ങളിൽ നിന്ന് ഇറങ്ങിവരാനുള്ള സന്നദ്ധത യാണ് പ്രതീകാത്മകമായി പ്രകടിപ്പിക്കുന്നത്. ചില നിർബന്ധങ്ങളും തെറ്റായ ജീവിത രീതി കളും ആ ഇറക്കത്തിൽ നാം ഉപേക്ഷിക്കുന്നു. സമീപനത്തിലും മനോഭാവത്തിലും കുറെയ ധികം മാറ്റങ്ങൾക്ക് നാം വിധേയരാവുകയും ചെയ്യുന്നു. ശരീരത്തിനൊപ്പം മനസ്സിനും വ്യായാമം ലഭിക്കുകയാണ് ഈ ദിനങ്ങളിൽ.

ആശ്രമ ജീവിതത്തിന്റെ സ്വച്ഛത സ്വന്തം ജീവിതത്തിലേക്ക് പകർത്താനാവുന്നതുകൊണ്ടാവാം വാഗ്വാദങ്ങൾക്കും ഏറ്റുമുട്ടലുകൾക്കും മൗനം കൊണ്ട് മറുപടി പറയാനും മനഃസാക്ഷിയോട് സംവദിച്ച് സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ചിലർക്കെങ്കിലും കഴിയുന്നത്. പ്രതികൂല പരിതസ്ഥിതികളിൽ സമാധാനത്തിന്റേയും ഐശ്വര്യത്തിന്റേയും സമൃദ്ധി പകർന്ന് നൽകിയ മുണ്ടൻമലയുടെ പ്രാഭവം ശക്തിസ്രോതസ്സായും പിൻബലമായും നിലകൊള്ളുന്നതുകൊണ്ട് കൂടിയാണത്. വേറിട്ടൊരു ശൈലി ക്രമപ്പെടുത്തണമെന്ന ചിന്ത രൂപപ്പെടുന്നതിന് പിന്നിലും ഈ അനുഭവം തന്നെയാണെന്നാണ് വിശ്വാസം.

ജീവിതത്തെ പരിശോധനയ്ക്ക് വിധേയമാക്കാനുള്ള കാലയളവായാണ് പദയാത്രികർ ഈ ദിനങ്ങളെ കാണേണ്ടത്. ഓരോ ചുവട്വയ്പിലും ഈശ്വരചൈതന്യത്താൽ മനസ്സ് ശുദ്ധമാക്കപ്പെടുകയാണ്. അതിന് നമ്മുടെ സഹകരണവും സമർപ്പണവുമാണ് ആവശ്യം.

ഏവരും ദൈവത്തെ അറിയുകയും സ്വന്തമാക്കുകയും ചെയ്യണമെന്നതായിരുന്നു ഈവാനിയോസ് പിതാവിന്റെ സ്വപ്നവും പ്രാർത്ഥനയും. പരമകാരുണികനും സർവ്വശക്തനുമായ ദൈവത്തിനു  മുന്നിൽ അതിനായി നമുക്ക് പൂർണ്ണമായി എളിമപ്പെടാം. പദയാത്രാദിനങ്ങളിൽ മാത്രമല്ല, ജീവിതകാലം മുഴുവനും.

---


*(പേജ് 27 ൽ നിന്നും തുടർച്ച)*

മേറ്റ അഭിവന്ദ്യ ക്ലീമിസ് കാതോലിക്കബാവ പെരുനാട് മുതൽ പട്ടം വരെ പദയാത്രയിലുട നീളം ഞങ്ങളോടൊപ്പം പങ്കെടുത്തിരുന്നു. ഒരു മെത്രാപ്പോലീത്ത പദയാത്രയിൽ ഉടനീളം പങ്കെടുക്കുന്നത് അത് ആദ്യമായിരുന്നു.

വെറും നാല് വർഷം മാത്രമേ ഞാൻ പദയാത്രയിൽ മുഴുനീളം പങ്കെടുത്തിട്ടുള്ളു. എങ്കിലും അനവധി അത്ഭുതങ്ങളും, അനുഗ്രഹങ്ങളും, തമാശയും പങ്കുവയ്ക്കാനുണ്ടെനിക്ക്. എന്നാൽ എന്നിൽ ഉണ്ടാകുന്ന ഏറ്റവും അതിശയകരമായ കാര്യം നമ്മുടെ യുവജനങ്ങളുടെ ആവേശമാണ്. സഭയെ സ്നേഹിക്കുന്ന ഒരു പറ്റം യുവജനങ്ങളാണ് പദയാത്രയുടെ ഊർജ്ജം. പക്ഷേ യൗവനം പാതിവഴി പിന്നിടുമ്പോഴേക്കും ഈ ആവേശം നമ്മുടെ യുവജനങ്ങൾക്ക് നഷ്ടമാകുന്നുണ്ട്. മറ്റെന്തിനെക്കാൾ സഭയെ സ്നേഹിച്ച യുവജനങ്ങൾക്ക്, ആ അടുപ്പം നഷ്ടമാകുന്നതിന്റെ കാരണമെന്തെന്ന് നാം പ്രാർത്ഥിച്ച് കണ്ടെത്തേണ്ടിയിരിക്കുന്നു. ഒപ്പം സഭാനേതൃത്വം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

ദൈവസമ്പാദനത്തിനു വേണ്ടി ഭൗതിക സമ്പാദ്യം ഉപേക്ഷിച്ച് ഇറങ്ങി തിരിച്ച ഒരു പിതാവിന്റെ ഓർമ്മയാണ് നാം ആചരിക്കുന്നതും. അദ്ദേഹം നമ്മെ വിട്ട് പിരിഞ്ഞിട്ട് 63 വർഷം പിന്നിടുന്നു. വേറിട്ട ഒരു സഭയായി വളർത്തിയെടുക്കാൻ പിതാവ് ആഗ്രഹിച്ചിരുന്നെങ്കിലും ഇതര സമുദായങ്ങളെപ്പോലെ നമ്മുടെ സഭയും സ്ഥാപനവത്ക്കരിക്കപ്പെട്ടിരിക്കുന്നു. കേരളത്തിലെ ക്രൈസ്തവ സഭകളുടെ ഐക്യവും ഏകീകരണവും എന്ന പുനരൈക്യ ലക്ഷ്യത്തിലെത്താൻ 64 വർഷം കഴിഞ്ഞിട്ടും നമുക്ക് കഴിഞ്ഞിട്ടില്ല. ഇനിയും കഴിയുമെന്ന് തോന്നുന്നില്ല. മലങ്കര സഭയുടെ വ്യക്തിത്വം കാത്തു സൂക്ഷിച്ചുകൊണ്ടുള്ള സ്വയംഭരണസഭ എന്ന പിതാവിന്റെ ആഗ്രഹം സഫലമായിട്ട് ഒരു വ്യാഴവട്ടം കഴിഞ്ഞിട്ടും ഗുണപരമായ ഒരു മാറ്റവും വിശ്വാസ സമൂഹത്തിന് അനുഭവവേദ്യമായിട്ടില്ല.

കേരളത്തിന്റെ നവോത്ഥാനകാലഘട്ടത്തിൽ പിറന്നൊരു സമൂഹമാണ് നമ്മുടെ സഭ. കഴിഞ്ഞ കാലങ്ങളിൽ സാമൂഹിക നവോത്ഥാനമേഖലയിൽ എന്ത് സംഭാവനനൽകാൻ നമുക്കായി എന്നതും പഠനവിധേയമാക്കണം. ചുരുക്കത്തിൽ ക്രിസ്തുവിന്റെ സുവിശേഷവാഹകരായ സഭ അതിന്റെ തീർത്ഥാടനം യഥാവഴിയിലാണോ എന്ന് ചിന്തിച്ചുപോകുന്നു.



# നമ്മുടെ തീർത്ഥാടനം യഥാവിധിയോ ?



**അജിൻ ചാക്കോ**
എം.സി.വൈ.എം.
മേജർ അതിരൂപത
മുൻ പ്രസിഡന്റ്

വലിയ ആവേശത്തോടെയാണ് ഞാൻ കഴിഞ്ഞ നാളുകളിൽ പദയാത്രയിൽ പങ്കെടുത്തിട്ടുള്ളത്. പൈലറ്റ് വാഹനങ്ങളിലെ ആവേശകരമായ അനൗൺസ്മെന്റുകളും, വള്ളിക്കുരിശിന്റെ പിന്നാലെ കാഷായ വസ്ത്രം അണിഞ്ഞ് നടക്കുന്നവരും, ഇമ്പകരമായ ഗാനങ്ങളും കുട്ടിക്കാലത്ത് എന്നെ ആകർഷിച്ചിട്ടുണ്ട്. ഒരുപക്ഷേ കാവി മുണ്ട് ഉടുത്ത് നാലാൾ കാൺകെ അഭിമാനത്തോടെ നടക്കാൻ കിട്ടുന്ന അവസരവും പദയാത്രയായിരുന്നു. ഒരു ദിവസം മുഴുവനും കൂട്ടുകാരോടൊത്ത് കഥ പറഞ്ഞും, വഴക്കുകൂടിയും പ്രാർത്ഥിച്ചുമൊക്കെ നടക്കാൻ കിട്ടിയ അവസരമായിരുന്നു അന്നത്. വീട്ടിൽ അറിയാതെ ക്ലാസ് കട്ട് ചെയ്ത് സിനിമയ്ക്ക് പോയതായി കേട്ടിട്ടുണ്ടാവും. എന്റെ കാര്യത്തിൽ പദയാത്രയിൽ പങ്കെടുക്കാൻ വീട്ടിൽ നിന്നും സമ്മതം കിട്ടാത്തതിനാൽ ക്ലാസ് കട്ട് ചെയ്തിട്ടുണ്ട്. കോളേജിൽ പോകുന്ന വ്യാജേനവീട്ടിൽ നിന്നും ഇറങ്ങി, തലേ ദിവസം ബാഗിൽ ഒളിപ്പിച്ച് വച്ചിരുന്ന കാവിമുണ്ടും തോർത്തും ഉടുത്ത് പദയാത്രയിൽ പങ്കെടുത്തതും, പിന്നീട് വീട്ടിൽ അറിഞ്ഞപ്പോൾ ഉണ്ടായ പൊടിപൂരവും ഇന്ന് ഓർമ്മയിലെ രസകരമായ നിമിഷങ്ങളാണ്.

ഒരു തീർത്ഥാടനപദയാത്രികനായി മലങ്കര യുവജനപ്രസ്ഥാനത്തിലേക്ക് കടന്നു വന്ന എനിക്ക് നിരവധി വർഷങ്ങളിൽ പ്രസ്ഥാനത്തിനും, പദയാത്രയ്ക്കും നേതൃത്വം നൽകാൻ ദൈവം നിയോഗിച്ചിട്ടുണ്ട്. 2007 എം.സി.വൈ.എം തിരുവനന്തപുരം അതിരൂപത പ്രസിഡന്റായി സേവനമനുഷ്ഠിച്ചപ്പോൾ, അഭിവന്ദ്യ പിതാവിനെ ദൈവദാസനായി പ്രഖ്യാപിക്കുന്നതിന് മുന്നോടിയായുള്ള തീർത്ഥാടനപദയാത്രയ്ക്ക് നേതൃത്വം നൽകാൻ കഴിഞ്ഞതും, അഭിവന്ദ്യ കാതോലിക്കാബാവ ആശീർവദിച്ച് എനിക്ക് കൈമാറിയ വള്ളികുരിശ്, നിരവധി വിശ്വാസികളുടെ പ്രാർത്ഥനനിയോഗങ്ങളോടെ 5 ദിവസത്തെ യാത്രയ്ക്കൊടുവിൽ പട്ടം കത്തീഡ്രലിലെ കബറിങ്കൽ സമർപ്പിക്കാൻ കഴിഞ്ഞതും എന്റെ ജീവിതത്തിലെ വലിയ ഭാഗ്യമാണ്. ഒട്ടനവധി വിശേഷണങ്ങളുള്ള വർഷമായിരുന്നത്. സഭാതലവനായി സ്ഥാന

*(ശേഷം പേജ് 26 ൽ)*

# അന്നത്തെ ശാഠ്യം... ഇന്നത്തെ ശക്തി; മാർ ഇവാനിയാസ് പിതാവിന്റെ അനുഗ്രഹവും

*1972 ൽ ബഹുമാനപ്പെട്ട ഡൊമനിക് സഖറിയാ അച്ചൻ മലങ്കര യുവജനപ്രസ്ഥാനത്തിനു രൂപം കൊടുത്ത പ്പോൾ അഡ്ഹോക് കമ്മറ്റിയിൽ ഉൾപ്പെടാനായത് എന്റെ ഭാഗ്യം. 1985 മുതലുള്ള കാലം വളർച്ചയുടേതായിരുന്നു. മൈലപ്ര ജോയി, കെ.വി. തോമസുകുട്ടി, മോൻസൻ കെ. മാത്യു, ജോസ് ചന്ദനപ്പള്ളി, ജോസ് ചെറിയനാട്, സ്റ്റാൻലി ജോർജ്, എന്നിവരുടെ നേതൃത്വത്തിലാണ് എംസിവൈഎം ഒരു ശക്തിയായി വളർന്നത്. അക്കാലത്താരംഭിച്ച 'യുവജ്യോതിസ്' എന്ന പ്രസിദ്ധീകരണത്തിന്റെ സ്വാധീനം വലുതായിരുന്നു. ആയതിന്റെ ചീഫ് എഡിറ്റർ എന്ന നിലയിൽ ഞാനും നേതൃനിരയിലെത്തി.*

*പദയാത്ര കൂടുതൽ ജനകീയമാക്കണമെന്ന ഉദ്ദേശത്തിൽ സംഘടിപ്പിച്ച പദയാത്രാ സമിതിയുടെ പദയാത്രകൾ സൃഷ്ടിച്ച തലവേദനകൾ ചെറുതല്ലായിരുന്നു. സാക്ഷ്യത്തിനു പകരം മത്സരമായി.*

*പരിഹാരമായി 1987 ൽ ഫാ. വർഗീസ് മാവേലിയുടെ നേതൃത്വത്തിൽ നടത്തിയ പുണ്യയാത്രയും ഫലിച്ചില്ല. പുണ്യയാത്രയിൽ സഹകരിക്കാതെ പദയാത്രാസമിതി തീർഥദേശയാത്ര നടത്തി. പ്രശ്നപരിഹാരത്തിന് അന്നത്തെ എംസിവൈഎം ഡയറക്ടർ വച്ച നിർദ്ദേശത്തെ ഞങ്ങൾ ശക്തിയായി എതിർത്തു.*


*"പദയാത്ര എംസിവൈഎമ്മിന് എന്നും ബാദ്ധ്യതയാകും. ആയതിനാൽ നമുക്കതങ്ങുപേക്ഷിക്കാം."*

*"ഇല്ല ഞങ്ങൾ സമ്മതിക്കില്ല." ഞങ്ങളുടെ ശാഠ്യത്തിന് അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവ് അനുവാദം നൽകി.*

*"പദയാത്ര എംസിവൈഎമ്മിന്റെ നേതൃത്വത്തിൽ മാത്രമെന്ന്" അദ്ദേഹം കല്പനയിറക്കി.*

*ഈ ചരിത്ര മുഹൂർത്തത്തിന് ഞങ്ങൾ സാക്ഷിയായത് മറക്കാനാവാത്ത അനുഭവമാണ്. ഇക്കാലത്താണ് മോൻസന്റെ താത്പര്യത്തിൽ എന്റെ 'ധന്യൻ പരിശുദ്ധാ..., പോയി വണങ്ങാം... ഭാരതന്യൂമാൻ...'എന്നീ ഗാനങ്ങൾ പദയാത്രാമഞ്ജരിയിലുൾപ്പെടുത്തിയത്.*

*നേരത്തെ തന്നെ രചന പൂർത്തീകരിച്ച ഒരു ഗാനം കൂടി ഇതോടൊപ്പം ഉൾപ്പെടുത്തുന്നു.*



**ഇഎംജി ചന്ദനപ്പള്ളി**

(രക്ഷകനുര ചെയ്താൻ, എൻ മെയ് രക്തങ്ങൾ.... എന്ന രീതി)

ഭാഗ്യസ്മരണാർഹൻ, മാറീവാനിയോസ്
കബറിങ്കൽ ഞങ്ങൾ, വന്നു വണങ്ങീടും
പ്രാർത്ഥനകേൾക്കണമേ, യാചനനൽകണമേ
അരുമകളാം ഞങ്ങൾ, അഭയം തേടുന്നേ.
പ്രവാചകനാകും, മോശക്കുണ്ടായ
ദർശനവരമല്ലോ, പുറപ്പാടനുഭവവും.
ഇസ്രയേൽ ജനവും, മരുഭൂമിയിലൂടെ
കടന്നെത്തിയതും, കാനാൻ ദേശത്തിൽ.
കൂനൻ കുരിശിങ്കൽ, ആലാത്തിന്മേലായ്
ശപഥം ചെയ്തൊടുവിൽ, നേർവഴി വിട്ടവരും.
ആശ്രയമില്ലാതെ, വ്യവഹാരങ്ങളിലായ്
നട്ടം തിരിയുന്ന, മലങ്കര മക്കളെയും.
തായ്ത്തടിയാകുന്ന, തിരുസഭ തൻ മടിയിൽ
വിലയം പ്രാപിക്കാൻ, ദർശനമുണ്ടായി.
ദൈവ നിയോഗത്താൽ, മാവേലിക്കരയിൽ
ജന്മമെടുത്തോനാം, മാറീവാനിയോസ്
(ഭാഗ്യ സ്മരണാർഹൻ....)
സ്വർഗസ്ഥൻ താതൻ, പ്രാർത്ഥനയേറ്റുന്നൂ
സഭൈക്യത്തിന്റെ, പരിപൂർത്തിക്കായി.
വിശുദ്ധീകരണത്തിൻ, മേൽപടവുകളിൽ
'ദൈവ ദാസനെ', ന്നഭിധാനം നേടി.
ദൈവിക സിദ്ധിക്കായ്, നൽവരമെപ്പോഴും
അർത്ഥിക്കുന്നോർക്കായ്, ദാനം ചെയ്യുന്നു.
പ്രാർത്ഥനകേൾക്കണമേ, യാചനനൽകണമേ
അരുമകളാം ഞങ്ങൾ, അഭയം തേടുന്നേ



**ഫിലിപ്പ് ജോർജ്**
**കൊച്ചുവിളയിൽ, കലഞ്ഞൂർ**

മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനത്തിൽ അംഗമാകുന്നതിന് മുൻപുതന്നെ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടനപദയാത്രയിൽ പങ്കെടുത്തിരുന്നു. എന്നാൽ 1994 ൽ പദയാത്രയിൽ ഞാൻ അഞ്ച് ദിവസവും പങ്കെടുക്കുവാൻ തീരുമാനിച്ചത് ഒരു ജോലി ലഭിക്കുക എന്ന ആഗ്രഹം മാർ ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥതയിൽ യാചിച്ചുകൊണ്ടാണ്. കാരണം 1992 ൽ അധ്യാപകപരിശീലനം പൂർത്തിയാക്കിയ എനിക്ക് ഒരു തൊഴിൽ അത്യാവശ്യമായിരുന്നു.

1994 ജൂലൈ 10 ന് പെരുനാട്ടിൽ നിന്നുമാരംഭിച്ച പ്രധാനപദയാത്രയിൽ ഞാനും ഭക്തിപൂർവം പങ്കെടുത്തു. കോന്നി വൈദികജില്ലയിലെ സുഹൃത്തുക്കളുമായി ചേർന്നാണ് നടന്നത്. പദയാത്രയിൽ താമസവും ഇതര സൗകര്യങ്ങളുമെല്ലാം അസൗകര്യങ്ങളായി പകൽ തോന്നിയിരുന്നെങ്കിലും രാത്രി വിശ്രമകേന്ദ്രങ്ങളിൽ ഏറെ തൃപ്തികരമായ സാഹചര്യം അനുഭവപ്പെട്ടു. ഏറെ ദീർഘദിനങ്ങളായ അടൂർ–ആയൂർ, ആയൂർ – പിരപ്പൻകോട് (3,4 ദിനങ്ങൾ) ദിവസങ്ങളിൽ അനുഭവിച്ച ശാരീരിക ബുദ്ധിമുട്ടുകളും എന്നാൽ നേരം പുലരുമ്പോൾ അവയെല്ലാം അകലുന്നതും ദൈവീക കരുതലായി ഓർമയിൽ നിൽക്കുന്നു. ഇനിയും ഒരുചുവട് മുന്നോട്ട് നടക്കാൻ സാധിക്കില്ല എന്ന തോന്നൽ അനുഭവപ്പെട്ടപ്പോഴും തൊട്ടടുത്തപള്ളിയിലെ വിശ്രമത്തിന് ശേഷം പൂർണമായി നടക്കാൻ സാധിച്ചത് മാർ ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥതയുടെ സംരക്ഷണമെന്നല്ലാതെ മറ്റെന്തുപറയാൻ.

അനുഭവസാക്ഷ്യത്തിലേക്ക് കടക്കാം. തൊഴിൽ തേടി അലയുന്ന കാലം എല്ലാദിവസവും കലഞ്ഞൂർ പോസ്റ്റ്ഓഫീസിൽ എത്തി തപാൽ തിരക്കുന്ന ശീലം ഞങ്ങൾ സുഹൃത്തുക്കൾക്കുണ്ടായിരുന്നു. തപാൽ ഉരുപ്പടികൾക്ക് വിലയും നിലയും ഉള്ളകാലമായിരുന്നു അത്. രണ്ട് പോസ്റ്റ്മാൻ മാർ രാവിലെ 9.45 കഴിയുമ്പോൾ തങ്ങളുടെ ഏരിയയിലെ കത്തുകളുമായി ഓഫീസിന്റെ മുറ്റത്തേക്ക് ഇറങ്ങും. സ്ഥിരമായ രണ്ടിടങ്ങളിൽ ഓരോ ഏരിയകളിൽ നിന്നുള്ളവർ ഉദ്യോഗസ്ഥരുടെ ചുറ്റും കൂടും. അവർ അഡ്രസ് ഉറക്കെ വിളിച്ച് കത്ത് കൈമാറും. 1994 ജൂലൈ 27 ന് പുലർച്ചെ (വെളുപ്പിന്) മേൽ പ്രതിപാദിച്ച തപാൽ ഓഫീസ് രംഗങ്ങൾ ഞാൻ സ്വപ്നം കാണുകയാണ്. പോസ്റ്റുമാൻ ഇറങ്ങി വരുന്നതും ഫിലിപ്പ് ജോർജ് കൊച്ചുവിളയിൽ എന്ന് വിളിക്കുന്നതും ഇളം പിങ്ക് നിറത്തിലുള്ള ഒരു കവർ എനിക്ക് തരുന്നതുമെല്ലാം. അതേ അനുഭവം അന്ന് 9.45 ന് പോസ്റ്റ് ഓഫീസ് മുറ്റത്ത് ആവർത്തിച്ചു. സ്വപ്നം യാഥാർത്ഥ്യമായി കവർ മറ്റൊന്നുമല്ലായിരുന്നു. മലങ്കര സിറിയൻ കാതലിക് മാനേജ് മെന്റിൻ കീഴിൽ തിരുവനന്തപുരം ബാലരാമപുരത്തിനടുത്തുള്ള കണ്ണക്കോട് എം.എസ്.സി. എൽപിഎസ്സിൽ 45 ദിവസത്തേക്കുള്ള താൽകാലിക അധ്യാപക നിയമനത്തിന്റെ ഉത്തരവായിരുന്നു അത്. അന്ന് കണ്ട സ്വപ്നവും രാവിലെ നടന്ന സംഗതികളും ഇന്നും ഓർമ്മയിൽ പച്ചപിടിച്ച് നിൽക്കുന്നു. കാരണം പദയാത്രകഴിഞ്ഞ് ദിവസങ്ങൾ കഴിഞ്ഞിരുന്നെങ്കിലും ജൂലൈ മാസം കഴിയും മുമ്പ് മനസിലെ ആഗ്രഹം മാർ ഈവാനിയോസ് പിതാവിന്റെ മാധ്യസ്ഥ്യത്തിലൂടെ സാധിച്ചത് മറക്കാൻ സാധിക്കുമോ?

പിന്നീട് 1998 മുതൽ മൂന്ന് വർഷം എംസിവൈഎം കോന്നി വൈദികജില്ലാ പ്രസിഡന്റായിരുന്നപ്പോൾ പദയാത്രയുടെ വൈദിക ജില്ലാതലത്തിലെ മുഖ്യ ചുമതലക്കാരനായിരുന്നപ്പോഴത്തെ അനുഭവത്തെക്കാൾ എത്രയോ നിറമുള്ളതും ജീവിതത്തിൽ മറക്കാനാവത്തതും ആയിരുന്നു 1994 ലെ പദയാത്ര അനുഭവം.

പത്ത് വർഷക്കാലം മലങ്കര മാനേജ്മെന്റിലും തുടർന്ന് 12 വർഷക്കാലമായി സർക്കാർ സർവീസിലും അധ്യാപകവൃത്തിയിൽ തുടരുമ്പോൾ നന്ദി നിറഞ്ഞ ഹൃദയത്തോടെ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സ്വർഗീയ മധ്യസ്ഥത സ്മരിക്കുന്നു. ജീവിതത്തിൽ തുടർന്നിങ്ങോട്ടും ചെറുതും വലുതുമായ അനുഗ്രഹങ്ങൾ 'പട്ടത്തുപള്ളികൊള്ളുന്ന വന്ദ്യതാതന്റെ' പാവനകബറിടം മുത്തി പ്രാപിച്ചുകൊണ്ടിരിക്കുന്നു.



**അമ്മിണി എബ്രഹാം**
**കുളത്തിങ്കൽ വീട്, ചിറ്റാർ**

## മാർ ഈവാനിയോസ് പിതാവിനോട് പ്രാർത്ഥിച്ചപ്പോൾ സൈനസ് എന്ന രോഗം മാറി

2014 ജൂലൈ മാസത്തിൽ എന്റെ ജീവിത പങ്കാളിയുടെ കീഴ്ത്താടിയിൽ നീരും വേദനയും ഉണ്ടായി ഒരു ഹോമിയോ ഡോക്ടറെ കാണിച്ചു. മരുന്നു കൊടുത്തസമയം നീരുപൊട്ടി. വീണ്ടും എം.ബി.ബി.എസ്. ഡോക്ടറെ കാണിച്ചു. കണ്ടമാത്രയിൽ തന്നെ ഡോക്ടർ പറഞ്ഞു. ഇത് ഉള്ളിലേക്കായിരുന്നു പൊട്ടേണ്ടത് പുറത്തേക്ക് പൊട്ടിയതുകൊണ്ട് സൈനസ് ആണ്. ഇതു കേട്ടപ്പോൾ ഞങ്ങൾക്ക് വലിയ വിഷമമായി. എപ്പോഴും ഡ്രസ്സിംഗ് വേണം. ഒരാഴ്ച വിശുദ്ധ കുർബ്ബാനമുടങ്ങി. കാരണം തുണി വച്ച് കെട്ടിക്കൊണ്ട് പോകുന്നത് ബുദ്ധിമുട്ടായി തോന്നി. ഞാൻ ഈവാനിയോസ് പിതാവിനോട് പ്രാർത്ഥിച്ചു. ജൂലൈ മാസം 10-ാം തീയതി പെരുന്നാട്ടിൽ നിന്നുമുള്ള പദയാത്രികരുടെ കൂടെ ചേർന്ന് പ്രാർത്ഥിച്ചുകൊണ്ട് 1-ാം ദിവസം ഫാ. ഡാനിയേൽ കൊഴുവക്കാട്ടിനോട് വിവരം പറഞ്ഞ് പ്രാർത്ഥനആവശ്യപ്പെട്ടു. ബഹുമാനപ്പെട്ട അച്ചൻ കബറിങ്കൽ പോകുന്നു, ഞാൻ അവിടെ പ്രാർത്ഥിച്ചോളാമെന്ന് പറഞ്ഞ് എന്നെ ആശ്വസിപ്പിച്ചു. വീണ്ടും ഞങ്ങൾ മറ്റൊരു ഡോക്ടറെ കണ്ടു. ആ ഡോക്ടർ പറയുകയാണ് സാരമില്ല മരുന്ന് കഴിച്ച് കഴിയുമ്പോൾ ഭേദമാകും. ദൈവത്തിന്റെ കാരുണ്യംകൊണ്ട് പരിപൂർണ്ണ സൗഖ്യമായി.

സൈനസ് എന്ന രോഗം ഒരിക്കലും ഉണങ്ങുകയോ കരിയുകയോ ഇല്ല ഇതാണ് ഞങ്ങൾക്ക് വിശ്വാസമായത്.



**കെ.ജി. എബ്രഹാം**
**കുളത്തുങ്കൽ ഹൗസ്, ചിറ്റാർ**

വന്ദ്യപിതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ കാലിന്റെ തള്ളവിരൽ നീരുവന്നത് ഓപ്പറേഷൻ കൂടാതെ സൗഖ്യമായി. 2004 ജൂലൈ 2 ന് രാത്രിയിൽ എന്റെ വലതുകാലിന്റെ തള്ളവിരൽ എങ്ങനയോ പഴുത്ത് നീര് വന്ന് നടക്കാൻ വയ്യാത്ത അവസ്ഥയായി.

സഹിക്കാൻ വയ്യാത്ത വേദനയുമായി ആശുപത്രിയിൽ പോയി. ഡോക്ടർ പരിശോധിച്ചപ്പോൾ ഒരു ഓപ്പറേഷൻ വേണമെന്ന് പറഞ്ഞു. പെട്ടെന്ന് ചെയ്തില്ലെങ്കിൽ പഴുപ്പ് മുകളിലോട്ട് കയറും. വിരൽ നഷ്ടപ്പെടും എന്ന് പറഞ്ഞു. ഞാൻ പറഞ്ഞു എന്റെ കാലിൽ മരുന്ന് വച്ച് കെട്ടി വേദന കുറയാൻ ഗുളികയും തന്നാൽ മതിയെന്ന്.

ഡോക്ടർ എന്റെ ആഗ്രഹപ്രകാരം മരുന്ന് വച്ച് കെട്ടി വീട്ടിലേക്ക് പറഞ്ഞുവിട്ടു. 9 വരെ നീര് കുറഞ്ഞില്ല. ഞാൻ ഡോക്ടറോട് പറഞ്ഞു 10 ന് പെരുന്നാട് കുരിശുമല ദൈവാലയത്തിൽ പോകുന്നുവെന്ന്. ഡോകടർ പറഞ്ഞു നടന്നാൽ നീര് കൂടും എന്ന്. മാർ ഈവാനിയോസ് പിതാവിനോട് പ്രാർത്ഥിച്ചാൽ എന്റെ കാലിന് പൂർണ്ണ സൗഖ്യം കിട്ടുമെന്ന് ഞാനും എന്റെ ജീവിത പങ്കാളിയും പറഞ്ഞു.

10 ന് രാവിലെ കുരിശുമല ദൈവാലയത്തിൽ വി. കുർബ്ബാനയിൽ പങ്കുചേർന്നു. പദയാത്ര തുടങ്ങുന്നതിന് ഫോട്ടോ സ്ഥാപിച്ച വണ്ടിയുടെ മുൻപിൻ ഞാൻ നിന്ന് വന്ദ്യപിതാവിനോട് കരഞ്ഞ് പ്രാർത്ഥിച്ചു കാലിന്റെ കുഴപ്പം മാറ്റിത്തരണമെയെന്ന്. കൂടെ ജീവിതപങ്കാളിയും ഉണ്ടായിരുന്നു. താഴത്തെ കപ്പേളയിൽ വന്ന് പ്രാർത്ഥിച്ച് നേർച്ചയർപ്പിച്ച് പദയാത്രയിൽ ചേർന്ന് ഏറ്റവും പിന്നിലായി ഞാനും ജീവിതപങ്കാളിയും പ്രാർത്ഥനയോടുകൂടി സാവധാനം നടക്കുകയായിരുന്നു. കുറച്ച് ദൂരം നടന്നപ്പോൾ തള്ളവിരലിൽ കെട്ടിയതുണി അഴിഞ്ഞു. മാറിയിരുന്ന് വീണ്ടും നല്ലതുപോലെ മുറുക്കിക്കെട്ടി. വടശ്ശേരിക്കര ദൈവാലയത്തിൽ കയറി ധൂപപ്രാർത്ഥനയിൽ സംബ

*(ശേഷം പേജ് 31 ൽ)*



**ബിജു റ്റി.കെ.**
**മുറിഞ്ഞകൽ, കോന്നി**

2013–2014 ഒക്ടോബറിൽ എന്റെ വലതുകാലിന്റെ കണ്ണിന്റെ മുകലിലായി ചെറുഞരമ്പുകൾ പൊട്ടി പശപോലെ വെളുത്തദ്രാവകം നിരന്തരം വന്നുകൊണ്ടിരുന്നു. കോന്നി ഗവൺമെന്റ് ഹോസ്പിറ്റലിൽ കാണിച്ചു മരുന്നു കഴിച്ചു. കുറവായില്ല. അവർ പറഞ്ഞു പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ഡോക്ടറെ കാണിക്കാൻ. അവിടെയും കുറച്ചുനാൾ ചികിത്സിച്ചു. വലിയ കുറവുണ്ടായില്ല. മാസങ്ങൾ കഴിഞ്ഞു. ജൂൺ മാസം കാൽ മൊത്തത്തിൽ നീരായി വീണ്ടും പത്തനംതിട്ടയിൽ ഡോക്ടറെ കാണിച്ചു. ഡോക്ടർ പറഞ്ഞു. ഓപ്പറേഷൻ ചെയ്തു കളയണം, എന്നാലേ പൂർണ്ണമായി മാറുകയുള്ളു തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്കുള്ള കത്തു തന്നു. ഞാൻ കത്തു വാങ്ങി ഹോസ്പിറ്റലിന്റെ വെളിയിൽ വന്നിട്ട് മാർ ഈവാനിയോസ് പിതാവിനോട് പറഞ്ഞു. പിതാവ് എന്റെ കാലിലെ ഈ രോഗം സൗഖ്യമാക്കി തന്നാൽ ജൂലൈ 10 ന് പിതാവിന്റെ കബറിങ്കലേക്കുള്ള പദയാത്രയിൽ എത്തിക്കൊള്ളാം എന്നു പറഞ്ഞു. അത്ഭുതമെന്നു പറയട്ടെ ജൂലൈ ആദ്യആഴ്ചയിൽതന്നെ കാലിന്റെ രോഗം ഭേദമായി. ജൂലൈ 10 ന് പദയാത്രയിൽ നടന്നു. പിതാവിന്റെ കബറിങ്കൽ എത്തിച്ചേർന്നു നേർച്ചകാഴ്ചകൾ അർപ്പിച്ചു.

എനിക്ക് തിരുവനന്തപുരത്തുള്ള ഒരു പ്രമുഖഹോട്ടലിലായിരുന്ന ജോലി. 12 വർഷം ജോലി ചെയ്തു ഞായറാഴ്ചകളിലും ക്രിസ്തുമസ് ഈസ്റ്റർ ദിവസങ്ങളിലും പള്ളിയിൽ പോകാൻ പറ്റാത്ത അവസ്ഥ. ജോലി രാജിവച്ചു. പത്തനംതിട്ടയിലുള്ള ഹോട്ടലിൽ ജോലി കിട്ടി 1 വർഷത്തോളം ജോലി ചെയ്തു. അപ്പോഴാണ് കേരളത്തിലെ ബാർ ഹോട്ടലുകൾ എല്ലാം പൂട്ടാൻ സർക്കാർ നിർദ്ദേശിച്ചത്. ഞങ്ങളുടെ ഗ്രൂപ്പ് ഹോട്ടൽ ആയിരുന്നു അവർക്കുള്ള മറ്റു ഹോട്ടലിലെ ബാറുകൾ പൂട്ടി 10 പേരെ പത്തനംതിട്ടയിൽ നിന്നും പറഞ്ഞുവിട്ടു. അക്കൂട്ടത്തിൽ ഞാനും ഉണ്ടായിരുന്നു. ജോലിയും പോയി. ഞാൻ എംപ്ലോയ്മെന്റിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നു. കാലാകാലങ്ങളിൽ പുതുക്കുന്നുണ്ടായിരുന്നു. 2015 ജൂലൈ 10 ലെ പദയാത്രയിലെ എന്റെ പ്രാർത്ഥനാനിയോഗമായിരുന്നു സ്ഥിരമായൊരു ജോലി. ഞായറാഴ്ചകളിലും വിശേഷദിവസങ്ങളിലും കുർബാനകാണാനുള്ള അവസരം. പദയാത്രയിൽ ആദ്യാവസാനം നടന്നു. പിതാവിന്റെ കബറിങ്കൽ പ്രാർത്ഥനാനിയോഗങ്ങൾ സമർപ്പിച്ചു. തിരികെ വീട്ടിൽ വന്നു. 2015 ജൂലൈ 16 ന് എംപ്ലോയ്മെന്റിൽ പോയി അന്വേഷിച്ചപ്പോൾ ഡി.എം.ഒ. ഓഫീസിലേക്ക് ലിസ്റ്റ് വിട്ടിട്ടുണ്ട് എന്റെ പേരും ഉണ്ട്. ഇന്റർവ്യൂ നടന്നു. 2015 ഒക്ടോബർ 6 ന് പത്തനംതിട്ട ജനറൽ ആശുപത്രിയിൽ അറ്റൻഡറായി ജോലി ലഭിച്ചു. കാലിന് പൂർണ്ണസൗഖ്യം ലഭിച്ചു. ഇപ്രാവശ്യത്തെ പദയാത്രയിൽ പങ്കെടുക്കുന്നതിനുള്ള അവധിക്കായി അപേക്ഷിച്ചിട്ടുണ്ട്. ലഭിക്കുമെന്നു വിശ്വസിക്കുന്നു. മാർ ഈവാനിയോസ് പിതാവേ നന്ദി...


*(പേജ് 30 ൽ നിന്നും തുടർച്ച)*

ഡിച്ച് വെളിയിലിറങ്ങിപ്പോൾ കാലിൽ കെട്ടിവച്ച തുണി തള്ളവിരലിൽ നിന്നും തനിയെ അഴിഞ്ഞുമാറി. ഞാൻ കാലിൽ നോക്കുമ്പോൾ നീരും പഴുപ്പും പൂർണ്ണമായി മാറിയിരിക്കുന്നതായി കണ്ടു. പിന്നീട് നാളിതുവരെ എന്റെ കാലിൽ പഴുപ്പ് ഉണ്ടായിട്ടില്ല. എന്റെയൊപ്പം ജീവിതപങ്കാളിയുമുണ്ടായിരുന്നു. കബറിങ്കൽ ഇടുവാനുള്ളനേർച്ച ഒരു പദയാത്രികന്റെ കയ്യിൽ കൊടുത്തുവിട്ട് ഞങ്ങൾ തിരിച്ചുവന്ന് ഡോക്ടറുടെ അടുത്ത് പോയി. കാല് പരിശോധിച്ച് ഡോക്ടർ പറഞ്ഞു. നിങ്ങളുടെ പ്രാർത്ഥനദൈവം കേട്ടുവെന്ന് ഞാൻ വിശ്വസിക്കുന്നു. പ്രത്യേകിച്ച് വിശുദ്ധ തിരുമേനിയോടുള്ള പ്രാർത്ഥന. ഈ അവസ്ഥയിൽ എനിക്കുവേണ്ടി മദ്ധ്യസ്ഥം യാചിച്ച വന്ദ്യപിതാവിനും സർവ്വശക്തനായ ദൈവത്തിനും നന്ദിയർപ്പിച്ചു കൊള്ളുന്നു.

# നുഹ്റോ ദ് മലങ്കര

(ഇവാനിയൻ പദയാത്ര അനുഭവ കുറിപ്പുകൾ)

മലങ്കരയുടെ വെളിച്ചം/ പ്രകാശം
എന്നതാണ് ഈ പദത്തിനർത്ഥം



ദൈവദാസൻ അർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുനാളിനോട് അനുബന്ധിച്ച് വരും വർഷങ്ങളിലും 'നുഹുറോ ദ് മലങ്കര' പ്രസിദ്ധീകരിക്കുവാൻ ഭദ്രാസനസമിതി ആഗ്രഹിക്കുന്നു. 2017 ൽ സാക്ഷ്യങ്ങൾ/ അനുഭവങ്ങൾ രേഖപ്പെടുത്തുന്ന പ്രമുഖരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

**ബിഷപ് തോമസ് മാർ അന്തോണിയോസ്**
**ഫാ. ഫീലിപ്പോസ് നടമല, ചായൽപടി ആശ്രമം സുപ്പീരിയർ**
**ഫാ. ഗീവർഗിസ് നെടിയത്ത്**
**ഫാ. മത്തായി കടവിൽ**
**ഫാ. വർഗീസ് വിളയിൽ**
**ശ്രീ. മോൻസൻ കെ. മാത്യു**
**ശ്രീ. എജി പാറപ്പാട്ട്**
**ശ്രീ. പ്രദീപ് മാത്യു**

## നിങ്ങളുടെ പദയാത്രാ അനുഭവങ്ങളും സാക്ഷ്യങ്ങളും രേഖപ്പെടുത്താം...

തീർത്ഥാടനപദയാത്രയിൽ സംബന്ധിച്ച് മാർ ഈവാനിയോസ് പിതാവിന്റെ മാധ്യസ്ഥശക്തിയാൽ അനുഗ്രഹം ലഭിച്ച വ്യക്തിയാണോ നിങ്ങൾ ? അനുഗ്രഹങ്ങൾ, സാക്ഷ്യപ്പെടുത്തുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ ? എങ്കിൽ സാക്ഷ്യങ്ങൾ എഴുതി തയാറാക്കി ഫോട്ടോയും വിലാസവും സഹിതം 2017 മെയ് 31 മുമ്പായി ഭദ്രാസന ഓഫീസിലേക്ക് അയച്ചുതരിക.


**വിലാസം**
**ഡയറക്ടർ**
**എംസിവൈഎം ഭദ്രാസനസമിതി കാര്യാലയം**
**ഉപാസനപാസ്റ്ററൽ സെന്റർ**
**ഓമല്ലൂർ പി.ഒ., പത്തനംതിട്ട 689 647**
email: mcymptadiocese@gmail.com
www.mcymptadiocese.com, www.facebook.com/McymPathanamthitta

............................................ കൂടുതൽ വിവരങ്ങൾക്ക് ............................................

| | | |
|---|---|---|
| ഫാ. സെബാസ്റ്റ്യൻ കിഴക്കേതിൽ | ജോബിൻ ഈനോസ് | ജിജോ കുഞ്ഞുമോൻ |
| ഡയറക്ടർ | പ്രസിഡന്റ് | ജനറൽ സെക്രട്ടറി |
| 9496806089 | 9496327218/22 | 9496649704 |

## ഹൃദയപൂർവം നന്ദി....



കഴിഞ്ഞ 6 വർഷം ഭദ്രാസനസമിതി
സഹരക്ഷാധികാരിയായ സേവനം ചെയ്ത
**മോൺ. ചാക്കോ തടത്തിലിന്**
ഹൃദയപൂർവം നന്ദി...

## ഹൃദ്യമായ സ്വാഗതം...



ഭദ്രാസനസമിതി സഹരക്ഷാധികാരിയായി
സേവനം ഏറ്റെടുത്തിരിക്കുന്ന
**മോൺ. ജോസഫ് കുരുമ്പിലേത്തിലിന്**
ഹൃദ്യമായ സ്വാഗതം...




## തീർത്ഥാടനപദയാത്രയുടെ സംക്ഷിപ്ത ചരിത്രം തയാറാക്കുന്നു.

പത്തനംതിട്ട ഭദ്രാസനസമിതി, തീർത്ഥാടനപദയാത്രയുടെ
നാളിതുവരെയുള്ള ചരിത്രം തയാറാക്കുവാൻ ആഗ്രഹിക്കുന്നു.
ആയതിലേക്ക് പദയാത്രയുടെ ചരിത്രം,
പങ്കെടുത്തിട്ടുള്ള മുൻകാല വ്യക്തികളെ കുറിച്ചുള്ള വിരണം,
ചിത്രങ്ങൾ എന്നിവയെപ്പറ്റി കൃത്യമായ അറിവുള്ളവർ/കൈവശമുള്ളവർ
വിവരം സമിതിയെ അറിയിക്കുക.

**ഈ ചരിത്രപുസ്തക രൂപീകരണത്തിനായി ഞങ്ങളോട് സഹകരിക്കുക.**



Printed & Published By: Director, MCYM Pathanamthitta Diocese. On 10th July 2016 @ Ranni-Perunadu Kurishumala
Printed @ Shalom Offset Press, Pathanamthitta/0468-220110, 9495926750